# കേരള സാമ്പത്തീക പ്രതിസന്ധി

എസ്.കാച്ചപ്പിള്ളി



# കേരള സാമ്പത്തീക പ്രതിസന്ധി

## എസ്.കാച്ചപ്പിള്ളി

**മറ്റു കൃതികൾ**

**കഥകൾ:**

ഒറ്റമുറിവീട്
ഒരു ബുദ്ധിജീവിയും കുറെ അനുയായികളും
ഒരു സെൽഫ് ഫിനാൻസിങ് പഠനത്തിന്റെ കഥ
കേശുവിന്റെ കഥ, എന്റെ വിധിയും

**ലേഖനങ്ങൾ:**

കേരളമോഡൽ പ്രതിസന്ധി
ക്ലബ് ഹൗസ്

***നുറുങ്ങു ലേഖനങ്ങൾ:***

ദുരന്തങ്ങൾ നൽകുന്ന പാഠം
സ്വാന്തനം

**നുറുങ്ങു ചിന്തകൾ:**

മൊഴിമുത്തുകൾ

**ചിന്തകൾ:**

എന്റെ ജനാധിപത്യ ചിന്തകൾ

**വാർത്താധിഷ്ഠിതം:**

കഥ തുടരുന്നു

**കരിക്കുലം പഠനം:**

മതമില്ലാത്ത ജീവൻ

**കേരള സാമ്പത്തിക പ്രതിസന്ധി**

(MALAYALAM)

*Author:*

S.KACHAPPILLY

Phone: 9446459784

e-mail: sebastiankachappily@yahoo.com

web: www.kachappilly.in (free download of all books)

Face book: Sebastian Kachappilly

Youtube: sebastiankachappilly

Published by:

SAMSKARA, NAYARAMBALAM

KOCHI-682 509

Published on:

May 2022

Distributed by:

SAMSKARA NAYARAMBALAM

KOCHI-682 509.

(1)

ശമ്പള ഇനത്തിൽ നമ്മുടെ കേരള സർക്കാരിൽ നിന്നും വേതനം പറ്റുന്നവരിൽ ഏതാണ്ട് നല്ലൊരു ഭാഗവും വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടവരാണ്. പ്രൈമറി വിദ്യാഭ്യാസം തുടങ്ങി ടെക്നിക്കൽ എഡ്യൂക്കേ ഷനും മെഡിക്കൽ എഡ്യൂക്കേഷനുമുൾപ്പെടെ വിവിധ വിദ്യാഭ്യാസ മേഖലകളിൽ പെട്ടവർ സർക്കാർ വേതനം കൈപ്പറ്റി ജീവിക്കുന്നു.

ഒരു വില്ലേജിൽ അല്ലെങ്കിൽ ഒരു പഞ്ചായത്തിൽ എത്ര പ്രൈമറി വിദ്യഭ്യാസ സ്ഥാപനങ്ങൾ അല്ലെങ്കിൽ സ്ക്കൂളുകൾ വേണം എന്നത് അതിന്റെ ദൂരപരിധിയു മായി ബന്ധപ്പെട്ടിരിക്കുന്നു. ആധുനിക കാലഘട്ടത്തിൽ ഇത്തരം നിബന്ധനകൾ ആവശ്യമാണൊ എന്ന് ചിന്തി ക്കുന്നത് നല്ല കാര്യം തന്നെയായിരിക്കും. ഒരു ക്ലാസ്സിൽ പത്ത് കുട്ടികൾ പോലുമില്ലാത്ത പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിലനിറുത്തിക്കൊണ്ടു പോകുന്ന താണൊ അതൊ പത്ത് കുട്ടികൾ പോലുമില്ലാത്ത ഇത്തരം സ്ഥാപനങ്ങൾ വാഹന സൗകര്യം ഏർപ്പെടുത്തി ഒരു വില്ലേജിൽ ഒന്ന് എന്ന് ക്രമീകരിക്കുന്നതാണൊ കൂടുതൽ നന്നായിരിക്കുക. ആധുനീക കാലഘട്ടത്തിൽ കമ്പ്യൂട്ടറിനോടും യാത്രാ വാഹനങ്ങളോടും എതിർപ്പ് പ്രകടിപ്പിക്കുന്നത് അത്ര നല്ല കാര്യവുമല്ല. ഒരു വില്ലേ ജിൽ ഒന്ന് എന്ന നില വരുമ്പോൾ അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നവീകരിക്കാൻ കഴിയും. അഞ്ചോ അതി ലധികമൊ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉള്ള പഞ്ചായത്തുകൾ കേരളത്തിൽ ധാരാളമായി കാണാവു

ന്നതാണ്. ഒട്ടുമിക്കതിലും ഒരു ക്ലാസ്സിൽ പത്ത് കുട്ടികൾ പോലുമില്ല എന്നത് മൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യത നമ്മുടെ സംസ്ഥാനത്തെ സാമൂഹ്യ ക്ഷേമ-വിക സന പ്രവർത്തനങ്ങളിൽ നിന്നും പിന്നോട്ടു പോകാൻ കാരണമാകുന്നു.

ഒരു വില്ലേജിൽ ഡസൻ കണക്കിനു പ്രൈമറി വിദ്യഭ്യാസ സ്ഥാപനങ്ങൾ എന്നതിനു പകരം വാഹന സൗകര്യം ഏർപ്പെടുത്തി ഒറ്റ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനം എന്നതിലേക്ക് മാറി ചിന്തിക്കേണ്ടിയിരിക്കു ന്നു. കൂടുതൽ കൂടുതൽ പ്രൈമറി വിദ്യഭ്യാസ സ്ഥാപന ങ്ങൾ എന്നിടത്ത് ഒരു വില്ലേജിൽ ഒന്ന് എന്ന നില വരുമ്പോൾ അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നവീക രിക്കാൻ കഴിയുകയും ആധുനീക വിദ്യഭ്യാസ സ്ഥാപന ങ്ങളായി മാറ്റിയെടുക്കാൻ കഴിയുകയും ചെയ്യും.

(2)

കേരളത്തിലെ രാഷ്ട്രീയ-ഭരണ മേഖലകൾ വളർത്തിയെടുത്ത ചിന്താഗതി പ്രകാരം നമ്മുടെ സംസ്ഥാനത്ത് ഈ നൂറ്റാണ്ടിൽ വ്യവസായിക അന്ത രീക്ഷം ഉണ്ടാവുമെന്നൊ നോക്കുകൂലി സംസ്ക്കാര ത്തിൽ നിന്നും കേരളം മോചിതമാവുമെന്നൊ ചിന്തി ക്കുക സാധ്യമല്ല. അതുകൊണ്ട് തന്നെ വളർന്നു വരുന്ന യുവതീ-യുവാക്കളുടെ ജോലി സംബന്ധമായ താത്പര്യ ങ്ങൾ സംരക്ഷിക്കപ്പെടുമെന്ന് ചിന്തിക്കുക സാധ്യമല്ല. അതിനാൽ നമ്മുടെ കുട്ടികൾക്ക് അന്യസംസ്ഥാനങ്ങ ളിലും അന്യരാജ്യങ്ങളിലും ജീവിതമാർഗ്ഗം തേടി പോകേണ്ടതായി വരുന്നു. ഇത്തരം ജോലി സാധ്യത കൾക്കും അഭിരുചികൾക്കും യോജിക്കുന്ന വിഷയങ്ങൾ തിരഞ്ഞെടുക്കാനുള്ള നമ്മുടെ വിദ്യാർത്ഥികളുടെ അവ കാശം പോലും ഹനിക്കുന്നതാണ് നമ്മുടെ പ്ലസ് ടു തല വിദ്യാഭ്യാസ രീതി. നിശ്ചിത ശതമാനം വിദ്യാർത്ഥി കൾക്ക് മാത്രം നിശ്ചിത വിഷയങ്ങൾക്ക് പ്രവേശനം നൽകിയാൽ മതി എന്ന് നമ്മുടെ സംസ്ഥാനത്തെ വിദ്യാ ഭ്യാസ മേഖലയെ നിയന്ത്രിക്കുന്ന രാഷ്ട്രീയ ഭരണ നേതൃത്യങ്ങൾ തീരുമാനിക്കുകയാണ്. അതുവഴി നമ്മുടെ സംസ്ഥാനത്തെ ഒട്ടനവധി യുവതീ-യുവാക്കളു ടെ വളർച്ച മുരടിക്കുവാൻ ഇടയാക്കിയിട്ടുണ്ട്. രാഷ്ട്രീയ-ഭരണ നേതൃത്വങ്ങളുടെ ഇത്തരം ഹീനമായ തീരുമാനങ്ങൾക്ക് ആരാണ് മറുപടി പറയുക.

സ്ക്കൂളുകളിലെ ലിബറലായ വാല്യുവേഷനും നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന സംവരണ രീതി

കളുമൊക്കെ കാരണം ഉന്നത നിലവാരം പുലർത്തുകയും എല്ലാ വിഷയങ്ങൾക്കും എ പ്ലസ്സ് ലഭിക്കുകയും ചെയ്ത വിദ്യാർത്ഥികൾക്കു പോലും അവരുടെ അഭിരുചിക്കൊത്തതും ഭാവിക്കനുയോജ്യവുമായ വിഷയങ്ങൾ തിരഞ്ഞെടുക്കുവാൻ സാധിക്കുന്നില്ല എന്നത് ആധുനീക കേരളത്തെ ആശങ്കയോടെ നോക്കി കാണാൻ നമ്മുടെ പുതുതലമുറയെ പ്രേരിപ്പിക്കുന്നു. സംവരണം എന്ന വലിയ ചൂണ്ടയിട്ട് കേരളത്തിലെ ഭൂരിഭാഗം വരുന്ന സമൂഹത്തെ ഇത്തരം പോരായ്മകളുടെ വിപത്ത് ചൂണ്ടിക്കാണിക്കുന്നതിൽ നിന്നും നിശബ്ദരാക്കുവാൻ നമ്മുടെ രാഷ്ട്രീയ ഭരണ കൂടങ്ങൾക്ക് കഴിയുന്നു. ഏതൊ പഴയ കാല സിദ്ധാന്തത്തിന്റെ പേരിൽ യുവതലമുറയെ ഇനിയും ക്രൂശിലേറ്റിയുള്ള നിലപാട് സ്വീകരിക്കുന്ന ഭരണ രാഷ്ട്രീയ നേതൃത്വങ്ങൾ തെറ്റു തിരിച്ചറിഞ്ഞ് എല്ലാ വിദ്യാർത്ഥികൾക്കും അവരുടെ അഭിരുചിക്കൊത്തതും ഭാവി താൽപ്പര്യങ്ങൾക്കൊത്തതുമായ വിഷയങ്ങൾ തിരഞ്ഞെടുക്കുവാൻ കഴിയുന്ന അവസരങ്ങൾ ഒരുക്കുക തന്നെ വേണം.

(3)

പ്രൈമറി വിദ്യഭ്യാസ സ്ഥാപനങ്ങളിൽ ഒരു ക്ലാസ്സിൽ പത്ത് കുട്ടികളിൽ കുറവുള്ള സ്ക്കൂളുകൾ സമന്വയിപ്പിച്ച് ഒരു വില്ലേജിൽ ഒന്ന് എന്ന നിലവാരത്തിലേക്ക് പുനക്രമീകരിക്കുക വഴി നമ്മുടെ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആധുനീകവൽക്കരിക്കാൻ കഴിയുന്നു. ഇത്തരം ആധുനീകവൽക്കരിക്കപ്പെട്ട വിദ്യഭ്യാസ സ്ഥാപനങ്ങളിൽ നിന്നും നമ്മുടെ കുട്ടികൾക്ക് കൂടുതൽ ശാസ്ത്രബോധവും സാമൂഹ്യ ബോധവും പാരിസ്ഥിതക ബോധവും ലഭിക്കുക വഴി കാലഘട്ടത്തിനൊത്ത ആധുനീക സംവിധാനങ്ങളോടൊത്ത് ഇടപഴകി വളരാനും കഴിയുന്നു. അദ്ധ്യാപകരായ ജീവനക്കാരുടെ എണ്ണത്തിലുള്ള പെരുപ്പം കാണിച്ച് അത് വിദ്യാഭ്യാസ നിലവാരത്തിന്റെ നേട്ടമാണെന്ന് അവകാശപ്പെട്ടുകൊണ്ട് ആധുനിക വിദ്യാഭ്യാസ രീതികൾക്ക് തടസം നിൽക്കുന്നത് ശരിയായ കാര്യമല്ല. സർക്കാർ പൊതുമേഖല ജീവനക്കാരുടെ എണ്ണത്തിലുള്ള മികവിലല്ല നമ്മുടെ സംസ്ഥാനം ഊറ്റം കൊള്ളേണ്ടതെന്നും അതിലെ ഗുണനിലവാരത്തിലാണ് നമ്മുടെ സംസ്ഥാനം ഊറ്റം കൊള്ളേണ്ടതെന്നും ഓരോ കേരളീയനും തിരിച്ചറിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പ്ലസ്സ് ടു തലത്തിൽ വിദ്യാർത്ഥികളുടെ അഭിരുചിക്കൊത്തും ഭാവി താത്പ്പര്യങ്ങൾക്കൊത്തും അഡ്മിഷൻ ക്രമീകരിക്കുമ്പോൾ സ്വഭാവീകമായും ചില വിഷയങ്ങളിൽ കൂടുതൽ ബാച്ചുകൾ മാറി മാറി ആരംഭിക്കേണ്ടി വരുന്നതായി കാണാവുന്നതാണ്. ഇത്തരം കൂടുതലായി

വരുന്ന ക്ലാസ്സുകൾ ആരംഭിക്കുന്നതിന് അടഞ്ഞു കിടക്കുന്നതും ഒഴിഞ്ഞു കിടക്കുന്നതുമായ ക്ലാസ്സ് മുറികൾ ഉപയോഗിക്കുവാൻ മടിക്കരുത്. ഇത്തരം സാഹചര്യത്തിൽ ചില വിഷയങ്ങളിൽ കൂടുതലായി അദ്ധ്യാപകരെ ആവശ്യമായി വരിക സ്വാഭാവികമാണ്. കോൺട്രാക്ട് അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുക എന്നതും ഔട്ട് സോഴ്സിങ് മേഖലയിൽ ജീവിനക്കാരുടെ സേവനം ലഭ്യമാക്കുക എന്നതുമൊക്കെ മഹാ അപരാധമായി നോക്കി കാണുന്ന കേരളീയന്റെ സമീപനം മാറ്റിയെടുക്കേണ്ടതുണ്ട്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കോൺട്രാക്റ്റ് അടിസ്ഥാനത്തിലുള്ള നിയമനങ്ങളേയൊ ഔട്ട് സോഴ്സിങ്ങ് തല സേവനങ്ങൾ ലഭ്യമാക്കുന്നതിനെയൊ എതിർക്കുകയല്ലാ വേണ്ടതെന്നും ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കൊത്ത ആധുനീക വിദ്യാഭ്യാസ സാഹചര്യം ലഭ്യമാകുന്നു എന്ന് ഉറപ്പാക്കുക തന്നെയാണ് വേണ്ടത്.

(4)

ഏതൊരു പൗരന്റേയും വ്യക്തിത്വ വികസന ത്തിനും അവഗാഹത്തിനും എളുപ്പത്തിലുള്ള പഠന ത്തിനും മാതൃഭാഷ ഏറെ സഹായകമാണ്. ഉൽപ്പാദന മേഖലയായ കൃഷി, വ്യവസായം എന്നീ മേഖലകളിൽ വളരെ പിന്നോക്കം പോയിട്ടുള്ളതും ലോകവുമായി താര തമ്യം ചെയ്യുമ്പോൾ വളരെ ചെറിയ ജനാവലി ഉപയോഗി ക്കുന്നതുമായ മാതൃഭാഷയുമുള്ള കേരളീയനെ സംബന്ധിച്ചിടത്തോളം ലോകത്തിലെ തന്നെ മറ്റിതര പ്രദേശങ്ങളിലെ ഭാഷയേയും നിലനിൽപ്പിനായി ആശ്രയി ക്കേണ്ടതായും വരുന്നു. ശാസ്ത്ര സാങ്കേതിക പദങ്ങൾ മലയാളീകരിക്കുക വഴി മലയാളിയെ മാതൃഭാഷയിലുള്ള പഠനത്തിൽ നിന്നും അകറ്റുകയാണുണ്ടായതെന്നും അത് വ്യാപകമായ ഇംഗ്ലീഷ് മീഡിയം പഠനത്തിലേക്ക് കേരളീ യനെ നയിച്ചെന്നും പറയേണ്ടിവരുന്നു.

പ്രാഥമിക വിദ്യാഭ്യാസ കാലഘട്ടത്തിൽ സില ബസിലുള്ള ശാസ്ത്ര സാങ്കേതിക പദങ്ങൾ പലതും ഇംഗ്ലീഷ് ഉൾപ്പെടയുള്ള മറ്റിതര ഭാഷകളിൽ നിന്നും കട മെടുത്തതായിരുന്നു. കേരളത്തിൽ ഉപയോഗിച്ചിരുന്നതും പ്രചാരത്തിലിരുന്നതുമായ ശാസ്ത്ര സാങ്കേതിക പദ ങ്ങളെ മലയാളീകരിച്ച് മലയാളം മീഡിയമാക്കിയ വിദ്യാർത്ഥികളെ പഠിപ്പിക്കുക വഴി അവന്റെ ഉന്നത പഠ നവും വിദേശ പഠനവുമെല്ലാം ഭാഷാ സ്നേഹത്തിന്റെ പേരിൽ തടസ്സപ്പെട്ടു. പൊതുവിദ്യാലയങ്ങളിൽ നിന്നുള്ള കൊഴിഞ്ഞ് പോക്കിന്റെ കാര്യം മനസ്സിലാക്കാതെ വീണ്ടും വീണ്ടും ശാസ്ത്ര സാങ്കേതിക പദങ്ങൾ മല

യാളീകരിച്ചു കൊണ്ടിരുന്നു. സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ ഭാരിച്ച പഠനഭാരം നൽകിയിട്ടും അങ്ങനെ കേരളീയനു സ്വീകാര്യരായി മാറി. കേരള ത്തിലെ സ്ക്കൂളുകളിൽ ഇംഗ്ലീഷ് ഭാഷ മീഡിയമാക്കിയ ക്ലാസ്സുകൾ ആരംഭിച്ച് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതാണ് പിന്നീട് കേരളം ചെയ്തത്. ഇങ്ങനെ ഇംഗ്ലീഷ് ഭാഷ മീഡിയമാ ക്കിയ ക്ലാസ്സുകളിലെ കുട്ടികളുടെ തള്ളിക്കയറ്റം കേരള ത്തിന്റെ മാതൃഭാഷയെയാണ് മരിക്കാനായി വിട്ടുകൊടു ത്തത്. മാതൃഭാഷ മരിക്കുവാൻ അനുവദിക്കുന്നതോടു കൂടി സംസ്ഥാനത്തെ പൗരന്റെ വ്യക്തിത്വ വികസനം കൂടുതൽ ദുർഗ്രഹമാവുന്നു. മാതൃഭാഷ മരിക്കാൻ അനു വദിച്ചതോടു കൂടി സംസ്ഥാനത്തെ കുട്ടികൾക്ക് എളുപ്പ ത്തിലും അവഗാഹത്തിലുമുള്ള പഠനം ബാലികേറാമ ലയാകുന്നു. കേരളത്തിൽ പതിറ്റാണ്ടുകൾക്ക് മുമ്പ് സ്ക്കൂളുകളിൽ പഠനത്തിനായി ഉപയോഗിച്ചിരുന്നതും പ്രചാരത്തിലിരുന്നതുമായ ശാസ്ത്ര സാങ്കേതിക പദങ്ങൾ തിരികെ കൊണ്ടു വരുന്നതിൽ നമ്മുടെ വിദ്യാഭ്യാസ വിച ക്ഷണന്മാർ അമാന്തിക്കരുത്.

(5)

സർക്കാർ ശമ്പളം കൈപ്പറ്റുന്ന ജീവനക്കാരന്റെ അമിത താത്പ്പര്യം സംരക്ഷിക്കുന്നതിലല്ല പ്രാധാന്യം നൽകേണ്ടതെന്നും വളർന്നു വരുന്ന യുവ തലമുറയുടെ വിദ്യാഭ്യാസത്തിനും ജീവിത സാഹചര്യങ്ങൾ ഒരുക്കുന്ന തിലുമാണ് വേണ്ടത്ര പ്രാധാന്യം കൊടുക്കേണ്ടത് എന്നും നമ്മുടെ സംസ്ഥാനം തിരിച്ചറിയേണ്ടതുണ്ട്.

കൂടുതൽ കൂടുതൽ ടെക്നിക്കൽ സ്ഥാപനങ്ങളു മായി ലോകം മുന്നേറിയിരുന്നപ്പോൾ നമ്മുടെ സംസ്ഥാനം അതിനോടു മുഖം തിരിച്ചു നിൽക്കുകയും സമര കോലാഹലങ്ങളുമായി അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനു തടയിടുകയും ചെയ്തു. തത്ഫലമായി ഗുമസ്ഥാധിഷ്ഠിത പഠനവു മായി മുന്നേറിയ യുവതലമുറ സർക്കാർ മേഖലയിലെ തൊഴിലിനായി തിരക്കു കൂട്ടി. സർക്കാർ മേഖലയിൽ ജാതി തിരിച്ചുള്ള സംവരണത്തിന്റെ പേരിലും അല്ലാ തെയും തൊഴിൽ ലഭിച്ചവരും രാഷ്ട്രീയ മേഖലയിൽ നേതൃസ്ഥാനങ്ങളിൽ എത്തിയവരും ഒന്നാം തരം പൗര ന്മാരായി വിലസുകയും ഭൂരിഭാഗം വരുന്ന കേരളീയ യുവത നിരാലംബരായ അവസ്ഥയിലെത്തപ്പെടുകയും ചെയ്തു.

ഒന്നാംതരം പൗരന്മാരുടെ ഗണത്തിൽപ്പെടുന്നവ രുടെ മക്കൾ അന്യസംസ്ഥാനങ്ങളിലും അന്യരാജ്യങ്ങ ളിലും പോയി വിദ്യാഭ്യാസത്തിലും അല്ലാതെയുമുള്ള നേട്ടങ്ങൾ ഒന്നിനു പുറകെ ഒന്നായി നേടിയെടുത്തു.

അവശേഷിക്കുന്ന കേരളയുവത സംവരണത്തിന്റെ പേരിൽ അടിപിടി കൂടുകയും അവർക്ക് ലഭ്യമാകേണ്ട ഉയർന്ന വിദ്യഭ്യാസത്തേയും ഉന്നത ജീവിത സാഹചര്യ ത്തേയും മറന്നു ജീവനക്കാരന്റെ അമിത താൽപ്പര്യ സംര ക്ഷണം എന്ന മുദ്രാവാക്യത്തോട് ചേർന്നു നിൽക്കുകയും ചെയ്തു. തങ്ങൾക്ക് കൂടി ലഭ്യമാകാൻ സാധ്യതയുള്ള ഒന്നാംതരം പൗരന്റെ അവകാശങ്ങൾ ആയിരിക്കണം കേരള യുവതയെ എളുപ്പത്തിൽ വഴിതെ റ്റിക്കാൻ രാഷ്ട്രീയ ഭരണ നേതൃത്വത്തിലും സർക്കാർ തൊഴിൽ മേഖലയിലും സംവരണത്തിലൂടെ എത്തിപ്പെട്ട ഒന്നാംതരം പൗരന്മാർക്ക് കഴിഞ്ഞത്.

(6)

കാലം മാറിയിട്ടും ഗുമസ്ഥന്മാരെ പരിശീലിപ്പിക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസം മാത്രം മതി കേരളീയന് എന്ന തെറ്റായ ചിന്താഗതി എങ്ങനെയോ കേരളത്തിൽ വേരോടി. അതുപോലെ തന്നെയാണ് സാധാരണ ജനവിഭാഗത്തിന്റെ താത്പര്യങ്ങൾക്കല്ല കൂടുതൽ പരിഗണന കൊടുക്കേണ്ടത് എന്നും സംഘടിത മേഖലയായ സർക്കാർ-പൊതുമേഖല സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ താത്പ്പര്യങ്ങൾക്കാണ് മുന്തിയ പരിഗണ കൊടുക്കേണ്ടതെന്നുമുള്ള തെറ്റായ ചിന്താഗതി കേരളത്തിൽ വേരോടിയത്. ഉന്നത വിദ്യാഭ്യാസം പോലും സൗജന്യമായി പരിമിതപ്പെടുത്തി കുറച്ചു പേർക്കുമാത്രം നൽകിയാൽ മതിയെന്ന കണ്ടെത്തൽ കേരളത്തിൽ നിലനിൽക്കുന്നു.

സർക്കാർ ബന്ധിത ഭരണ സമിതികൾ നമ്മുടെ യൂണിവേഴ്സിറ്റികളെ ഭരിക്കുന്നതിനാൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ കാലഘട്ടത്തിനൊത്ത വിധം രൂപപ്പെടുത്തുവാൻ നമുക്ക് കഴിയുന്നില്ല. വിദ്യാഭ്യാസ മേഖലയിലെ മികച്ച വ്യക്തിത്വങ്ങളെ യൂണിവേഴ്സിറ്റികൾ ഭരിക്കാൻ അനുവദിക്കുന്നതിനു പകരം രാഷ്ട്രീയ കോമരങ്ങൾക്ക് നമ്മുടെ യൂണിവേഴ്സിറ്റികൾ വിട്ടു കൊടുത്തിരിക്കുകയാണ്. മികച്ച സാങ്കേതിക ഉപകരണങ്ങളോടുള്ള എതിർപ്പ് ഇപ്പോഴും നമ്മുടെ സംസ്ഥാനത്തെ സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ തുടരുന്നു. അത്തരം എതിർപ്പുകളിലൂന്നിയ ചിന്താഗതി നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്നതിനാൽ സമൂഹത്തിനും

വ്യവസായിക മേഖലക്കും കാലഘട്ടത്തിനൊത്തവിധം സഹായമാകുംവിധം നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളെ രൂപപ്പെടുത്താൻ സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളുടെ തലപ്പത്തിരിക്കുന്നവർക്ക് കഴിയുന്നുമില്ല.

ഈ നൂറ്റാണ്ടിനൊത്തവിധവും മനുഷ്യനും പ്രകൃതിക്കും ഇണങ്ങുംവിധവും നമ്മുടെ വാഹനങ്ങൾ മാറിയാലും അതിനൊത്തവിധം നമ്മുടെ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവയുടെ സിലബസ് പരിഷ്ക്കരിക്കണമെന്നുമില്ല എന്നതാണ് ഉദാഹരണമായി പറയാനുള്ളത്. അവിടെയാണ് നമ്മുടെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഓട്ടോണമസാകുന്നതിന്റെ പ്രസക്തി തിരിച്ചറിയേണ്ടത്. നമ്മുടെ സംസ്ഥാനത്ത് സ്വതന്ത്രവും ഓട്ടോണമസുമായ യൂണിവേഴ്സിറ്റികൾ സർക്കാർ സർക്കാരിതര മേഖലയിൽ ഉണ്ടാവേണ്ടിയിരിക്കുന്നു. ഓരോ കോളേജും ഓട്ടോണമസാവുകയും വിദ്യാർത്ഥികളുടെ പ്രതീക്ഷക്കൊത്തവിധം ഉയർന്നതും ലോകനിലവാരമുള്ള യൂണിവേഴ്സിറ്റികളും നിലവിൽ വരേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം തന്നെയാണ്.

(7)

ട്രാഫിക് ലംഘനങ്ങളുടെ ഭാഗമായി നീതിയുക്തമായ പിഴയീടാക്കുന്നതിന് സംസ്ഥാനത്ത് ക്യാമറകൾ സ്ഥാപിക്കുകയുണ്ടായി. ഇത് ട്രാഫിക് മേഖലയിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ ഒരുപരിധിവരെ അവസാനിപ്പിക്കാനും കഴിയുന്നു. ട്രാഫിക് മേഖലയിലെ പൊരിവെയിലത്തുള്ള ജോലിഭാരം കുറക്കാനും ആ മേഖലയിൽ ഖജനാവിലേക്കുള്ള വരുമാനം വർദ്ധിപ്പിക്കുവാനും കഴിയുന്നു. ഇതോടൊപ്പം ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തിലും കുറവ് വരുത്താൻ സാധിക്കുന്നു. ആധുനീകവൽക്കരിക്കപ്പെട്ട ട്രാഫിക് സംവിധാനം നിലവിൽ വരുന്നതോടു കൂടി ഈ മേഖലയിലെ കുറഞ്ഞ സാമ്പത്തിക ചിലവും ഉയർന്ന വരുമാനവും ലഭ്യമാകുന്നത് നമ്മുടെ സംസ്ഥാനത്തെ ജനജീവിത വളർച്ചക്ക് ഉപയുക്തമാകുംവിധം ഉപയോഗപ്പെടുത്താൻ സാധിക്കുന്നു.

ഏതൊരു രാജ്യത്തേയും വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും പ്രാധാന്യം നൽകുന്നതു പോലെ തന്നെയാണ് ആ രാജ്യത്ത് നിലനിൽക്കുന്ന ക്രമസമാധാനത്തിനുള്ള പ്രാധാന്യവും. നമ്മുടെ സംസ്ഥാനത്തെ പോലീസ് സംവിധാനം പലപ്പോഴും രാഷ്ട്രീയ ഭരണ നേതൃത്വത്തിലെ ഒന്നാംതരം പൗരന്മാരുടെ സുരക്ഷ ഒരുക്കുന്നതിലും പോലീസ് സംവിധാനത്തിലെ ജീവനക്കാരുടെ താൽപ്പര്യ സംരക്ഷണത്തിനുമായി വഴിമാറുന്നതായി കാണാവുന്നതാണ്. ക്രമസമാധാനം പോലുള്ള മേഖലകളിൽ ജാതി തിരിച്ച് സംവരണത്തിന്റെ അടിസ്ഥാനത്തിൽ നിയമനവും തുടർന്ന് ലഭിക്കുന്ന പ്രമോഷനു

മൊക്കെ നമ്മുടെ കാര്യക്ഷമമായ ക്രമസമാധാന മേഖല യിലെ അന്തരീക്ഷത്തിന് വിലങ്ങു തടിയാകുന്നു. സംസ്ഥാനത്തെ പ്രധാന ചിലവിനങ്ങളിൽപ്പെടുന്നതാണ് പോലീസ് സംവിധാനത്തിനായി ക്രമസമാധാനം എന്ന പേരിൽ ചിലവഴിക്കപ്പെടുന്നത്. സംസ്ഥാനത്തെ ജനങ്ങ ളുടെ താൽപ്പര്യ സംരക്ഷണത്തിന് തീരെ പരിഗണന കൊടുക്കാത്ത സംഘടന പ്രവർത്തനം നിലനിൽക്കുന്ന കേരളം പോലുള്ള സംസ്ഥാനങ്ങളിൽ നമ്മുടെ പോലീസ് സംഘടനാ മേഖലയിൽ നിന്നും മറിച്ചൊന്നും പ്രതീക്ഷി ക്കുക വയ്യ. അതുകൊണ്ടു തന്നെ പറ്റാവുന്ന മേഖലകളി ലൊക്കെ കോൺട്രാക്റ്റ് അടിസ്ഥാനത്തിലും ഔട്ട് സോഴ്സിങ്ങ് അടിസ്ഥാനത്തിലും ജീവനക്കാരുടെ ലഭ്യത ഉറപ്പു വരുത്തി ഈ മേഖലയിൽ ഖജനാവിൽ നിന്നു മുള്ള സാമ്പത്തിക ബാധ്യത കുറച്ചുകൊണ്ടു വരികയും കൂടുതൽ ആധുനീകവൽക്കരിക്കുന്നതിൽ പ്രാധന്യം നൽകേണ്ടതുമുണ്ട്.

(8)

വിസ്തൃതിയിലും ജനസംഖ്യയിലുമൊക്കെ എത്രയൊ അധികമാണ് ഭാരത്തിലെ മറ്റിതര സംസ്ഥാന ങ്ങൾ എന്നു കാണാം. എന്നിട്ടും മറ്റു സംസ്ഥാനങ്ങളിൽ കാണാത്തത്ര അധികമാണ് നമ്മുടെ സംസ്ഥാനത്ത് സർക്കാർ മേഖലയിൽ ജീവനക്കാരെ വിന്യസിച്ചിരിക്കു ന്നത് എന്നും കാണാം.

മറ്റിതര സംസ്ഥാനങ്ങളോടൊപ്പം കേരളവും നടപ്പി ലാക്കിയ പഞ്ചായത്ത് രാജ് നഗരപാലിക ബിൽ മൂലം നമ്മുടെ സംസ്ഥാനം കൈകാര്യം ചെയ്തിരുന്ന അധികാ രങ്ങൾ കുടുതലായി തദ്ദേശ ഭരണ സ്ഥാപനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയുണ്ടായി. എന്നിരുന്നാലും അതിനനുസരിച്ച് വിവധ വകുപ്പുകളിലെ ജീവനക്കാരുടെ എണ്ണപ്പെരുപ്പം കുറച്ചു കൊണ്ടു വരുവാൻ നമ്മുടെ സംസ്ഥാനത്തിനു കഴിഞ്ഞതുമില്ല. അവരുടെ ശമ്പളവും മറ്റിതര ആനുകൂല്ല്യങ്ങൾക്കുമായി ചിലവഴിക്കുന്ന സംസ്ഥാനത്തിന്റെ നികുതിപ്പണം സാധാരണ ജനവിഭാഗ ത്തിന്റെ ക്ഷേമപ്രവർത്തനത്തിനായും മറ്റിതര വികസന പ്രവർത്തനങ്ങൾക്കായും മാറ്റി വക്കുവാനൊ മാറിമാറിവ രുന്ന സംസ്ഥാന സർക്കാരുകൾക്ക് പതിറ്റാണ്ടുകൾ കഴി ഞ്ഞിട്ടും കഴിഞ്ഞിട്ടില്ല.

കേരളത്തിലെ കാർഷിക മേഖല മറ്റിതര സംസ്ഥാ നത്തോട് താരതമ്യം ചെയ്യാൻ പോലും വയ്യാത്തത്ര ശുഷ്ക്കവും ഉത്പ്പാദന മുരടിപ്പുമുളവാക്കുന്നതുമാണ്. എന്നിരുന്നാലും ആ മേഖലയിലെ സർക്കാർ ജീവനക്കാ

രുടെ വിന്യാസം ഏതൊരു കേരളീയനേയും അമ്പരപ്പിക്കേണ്ടതാണ്. നാണ്യവിളകളിലേക്ക് ഏറെക്കുറെ മാറിയ കേരളത്തിലെ നെൽകൃഷി ചില പ്രദേശങ്ങളിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു. കേരളം കൈകാര്യം ചെയ്യുന്ന നാണ്യവിളകളുടെ മേൽനോട്ടവും പരിപാലനവും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബോർഡുകളുടെ നിയന്ത്രണത്തിലുമാണ്. എന്നിട്ടും മറ്റിതര സംസ്ഥാനങ്ങളുടെ കാർഷിക മേഖലയിൽ നിയമനം ലഭിച്ചിട്ടുള്ള ജീവനക്കാരുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ സംസ്ഥാനം നിയമിച്ചിട്ടുള്ളത് എത്രയൊ ഇരട്ടിയാണെന്ന് കാണാം. ഭൂരിഭാഗം പ്രദേശങ്ങളിലും കാർഷിക പ്രവർത്തികൾ തീരെ അപര്യാപ്തമായതിനാൽ അവിടങ്ങളിൽ പഞ്ചായത്ത് തലത്തിൽ ആഴ്ചയിൽ ഒരു ദിവസം മാത്രമെ കൃഷി ഓഫീസർമാരുടെ സേവനം ആവശ്യമായി വരുന്നുള്ളൂ എന്നും കാണാവുന്നതാണ്. മറ്റിതര സംസ്ഥാനങ്ങളുടെ കൃഷി ഓഫീസർമാർ കാർഷിക മേഖലയായി നിലനിൽക്കുന്ന പ്രദേശങ്ങളിൽ എത്ര ഹെക്ടറിന് ഒരു കൃഷി ഓഫീസർമാരെ നിയമിക്കുന്നു എന്നതൊക്കെ താരതമ്യം ചെയ്യുന്നതിൽ നിന്നും എത്രമാത്രം ആലസ്യപ്പെട്ടാണ് നമ്മുടെ സംസ്ഥാന സർക്കാർ ആ മേഖലയിലെ ജീവനക്കാരെ വിന്യസിക്കുന്നത് എന്നു കാണാവുന്നതാണ്.

ജനസംഖ്യയെ അടിസ്ഥാനപ്പെടുത്തി നമ്മുടെ സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ എണ്ണത്തെ നിജപ്പെടുത്തിയാൽ തന്നെ എത്രമാത്രം അധികമാണ് ഈ ആധുനിയ യുഗത്തിലും നമ്മുടെ സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിലെ ജീവനക്കാർ എന്നത് അമ്പരപ്പിക്കുന്നതാണ്. ഒരു ലക്ഷം ജനസംഖ്യയുടെ അടിസ്ഥാ

നത്തിൽ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തിയാൽ തന്നെ കർണ്ണാടക സംസ്ഥാനത്തെ അപേക്ഷിച്ച് 86 ശതമാനം അധികമാണ് കേരളത്തിന്റേതെന്ന് രേഖകൾ ചൂണ്ടിക്കാട്ടി വിദഗ്ധർ പറയുമ്പോൾ കേരളീയൻ നാണിച്ചു തലകുമ്പിടേണ്ടിയിരിക്കുന്നു.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഗ്രാമീണ റോഡുകൾ തദ്ദേശ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടും ആനുപാതികമായ ജീവനക്കാരുടെ എണ്ണം വെട്ടിക്കുറക്കാനൊ മറ്റിതര സംസ്ഥാനങ്ങളിലെ എണ്ണവുമായി താരതമ്യ പഠനം നടത്തി ജീവനക്കാരുടെ എണ്ണത്തിൽ വേണ്ട മാറ്റങ്ങൾ നടപ്പിലാക്കാനൊ നമ്മുടെ സംസ്ഥാനം തയ്യാറാകേണ്ടിയിരിക്കുന്നു. ജനങ്ങൾക്ക് വേണ്ടിയുള്ള വികസനമല്ല മറിച്ച് സർക്കാർ ജീവനക്കാരുടേയും രാഷ്ട്രീയ ഭരണ മേഖലയിലെ ഒന്നാംനിര നേതാക്കളുടേയും വികസനവുമാണ് കേരളം വളർത്തിയെടുത്തത് എന്നു പറയേണ്ടി വരുന്നു.

വനവിസ്തൃതിയുമായി താരതമ്യം ചെയ്യുമ്പോൾ കർണ്ണാടക പോലുള്ള സംസ്ഥാനങ്ങളുടെ വനവിസ്തൃതി കേരളത്തിനേക്കാൾ എത്രയൊ കൂടുതലാണ്. എന്നാൽ ജീവനക്കാരെ സർക്കാർ മേഖലയിൽ നിയമിച്ചു സംസ്ഥാന ഖജനാവ് കാലിയാക്കുന്നതിന് കേരളം ഒട്ടും കുറവു വരുത്തിയിട്ടില്ല. വനമേഖലയുമായി ബന്ധപ്പെട്ട് കർണ്ണാടകയുമായി താരതമ്യം ചെയ്യുമ്പോൾ ഈ മേഖലയുമായി ബന്ധപ്പെട്ട ജീവനക്കാരുടെ എണ്ണം എഴുപത്തിയഞ്ചു ശതമാനം കൂടുതലാണെന്ന് വിദഗ്ദർ രേഖകൾ ചൂണ്ടിക്കാണിച്ചു പറയുമ്പോൾ കേരളീയന് നമ്മുടെ ഖജ

നാവ് ശോഷണം സംഭവിക്കുന്നതിന് പോംവഴി തേടി മറ്റിടങ്ങളിലേക്കൊന്നും പോകേണ്ടതില്ല.

ചുരുക്കത്തിൽ സർക്കാർ പൊതുമേഖല സംവിധാനത്തിനെ പ്രോത്സാഹിപ്പിച്ച് വോട്ട് ബാങ്ക് നോട്ടമിട്ടുള്ള മാറിമാറി വരുന്ന സർക്കാരുകളുടെ ഈ പ്രവൃത്തികൾ മൂലം സാമൂഹ്യ സുരക്ഷ എന്ന വലിയ മേഖലയെ അവഗണിക്കുന്നതിനാണ് കേരള ജനത വിവിധ രാഷ്ട്രീയ പാർട്ടികൾക്ക് ലൈസൻസ് കൊടുത്തിരിക്കുന്നത്.

(൭)

കേരളത്തിനെ വായിപ്പിക്കുന്നതിൽ പൈങ്കിളി പ്രസിദ്ധീകരണങ്ങൾ എന്ന് വിളിച്ചാവേക്ഷിച്ചിരുന്ന മ പ്രസിദ്ധീകരണങ്ങൾക്ക് പ്രധാനപ്പെട്ട സ്ഥാനം ഉണ്ടായിരുന്നു. ടി.വി ചാനലുകളുടെ സ്വാധീനവും മൊബൈലിന്റെ സ്വാധീനവും മ പ്രസിദ്ധീകരണങ്ങളുടെ ജീവൻ നിലയ്ക്കുവാൻ ഏറെക്കുറെ സാധ്യമായി. അപ്പോഴും മ പ്രസിദ്ധീകരണങ്ങളുടെ സ്ഥാനത്ത് ചാനലുകളിൽ സ്ഥാനം പിടിച്ച മ സീരിയലുകൾക്ക് സ്ഥിരപ്രതിഷ്ഠ നേടാൻ കഴിഞ്ഞിരുന്നു. മ പ്രസിദ്ധീകരണങ്ങളോട് തോളൊപ്പം ചേരുന്ന പുസ്തകങ്ങൾക്ക് സംസ്ഥാനത്തെ വായനശാലകളിൽ കൂടുതൽ വായനക്കാരും ഉണ്ടായി. ഇത്തരം പൈങ്കിളി പ്രസിദ്ധീകണങ്ങളും പൈങ്കിളി സീരിയലുകളും മലയാളിയെ ശരിയായ ആസ്വാദനത്തിലേക്കായിരുന്നില്ല നയിച്ചത്. മ പുസ്തകങ്ങളുടെ ആസ്വാദകരുടെ നീണ്ട നിര അത്തരം കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന സിനിമകൾക്ക് കൂടുതൽ പ്രചാരം നൽകി. പലപ്പോഴും കേരള സംസ്ഥാനം ഭരിക്കുന്നവർക്കും മ പ്രചാരണങ്ങളുടെ കഥാപാത്രങ്ങളോട് സാമ്യമൊ സ്വഭാവ വൈശിഷ്ഠ്യമൊ ഉള്ളവർക്ക് കൂടുതൽ ആരാധകരുമുണ്ടാക്കി.

നമ്മുടെ സംസ്ഥാനത്ത് മുട്ടിനു മുട്ടിനു വായനശാലകൾ സ്ഥാനം പിടിച്ചിരിക്കുകയാണ്. അതിനു പുറമെയാണ് സ്ക്കൂളുകളിലും കോളേജുകളിലും സ്ഥാനം പിടിച്ചിരിക്കുന്ന ലൈബ്രറികൾ. ഒരു വില്ലേജിൽ തന്നെ ഒന്നിൽ കൂടുതൽ ഹൈസ്ക്കൂൾതല സ്ക്കൂളുകൾ

കാണാവുന്നതാണ്. അവിടെയൊക്കെ തന്നെ വിവിധ ങ്ങളായ അഭിരുചിക്കൊത്ത പുസ്തകങ്ങൾ സ്ഥാനം പിടിച്ചിട്ടുണ്ട്. ഇവിടെങ്ങളിലെല്ലാം തന്നെ സർക്കാർ ഗ്രാന്റ് നൽകി വാങ്ങി കൂട്ടുന്ന പുസ്തകങ്ങളുമാണ്. പലപ്പോഴും ഈ പുസ്തകങ്ങൾ വായനക്കാരന്റെ താത്പര്യങ്ങളെക്കാൾ കൂടുതൽ പരിഗണന നൽകുക രാഷ്ട്രീയവും വ്യക്തിപരവുമായ പരിഗണനകൾക്കാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇടത്പക്ഷ ചായ്വ് വ്യക്തമാക്കുന്ന ഭരണസമിതിയാണ് മിക്കവാറും വായനശാലകൾ ഭരിക്കുന്നതെങ്കിൽ അവിടെ വാങ്ങി കൂട്ടുന്ന പുസ്തകങ്ങൾ ഏറെക്കുറെ ഇടത്പക്ഷ ചിന്തകളെ പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കും. ഇത് തന്നെയാണ് ഇടത്പക്ഷമല്ലാത്ത ഭരണ സമിതികൾ ചെയ്യുന്നതും. അതുകൊണ്ടു തന്നെ മനുഷ്യനെ മനുഷ്യനായി കാണുന്ന സാഹിത്യ കൃതികളുടെ അഭാവം നമ്മുടെ സംസ്ഥാനത്തെ വായനശാലകളെ ഗ്രസിച്ചിരിക്കുന്നതായി കാണാവുന്നതാണ്.

സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് അവരുടെ സ്ക്കൂളിനോടനുബന്ധിച്ച വായനശാലയിൽ നിന്ന് പുസ്തകങ്ങൾ ലഭ്യമാകുന്നതുപോലെ അന്നാട്ടിലെ പൗരന്മാർക്കും അതത് പഞ്ചായത്തുകളിൽ സ്ക്കൂളുകളോട് അനുബന്ധിച്ചുള്ള വായനശാലയിൽ നിന്നും പുസ്തകങ്ങൾ എടുക്കാവുന്ന സൗകര്യം ചെയ്തു കൊടുക്കുകയാണ് വേണ്ടത്. ആവശ്യത്തിലധികം വായനശാലകൾ ഈ ഇരുപത്തിഒന്നാം നൂറ്റാണ്ടിൽ തുറന്നുവച്ച് മിക്കവാറും പുസ്തകങ്ങൾ കൃത്യമായ പരിപാലനമില്ലാതെ നശിക്കാൻ ഇടയാക്കാതിരിക്കുക എന്നതു തന്നെയാണ് ശരിയായ മാർഗ്ഗം. അതുവഴി പുസ്തകങ്ങൾക്ക് അനുവ

ദിക്കുന്ന ഗ്രാന്റ് ഇനത്തിൽ നമ്മുടെ സംസ്ഥാനം ചിലവഴിക്കുന്ന ഭാരിച്ച ചിലവിനങ്ങളുടെ കാര്യത്തിലും പരിഹാരമാവുന്നതാണ്. ഈ ഇന്റർനെറ്റ് യുഗത്തിൽ ഏതേതു പുസ്തകങ്ങളാണ് അതത് ലൈബ്രറിയിലുള്ളതെന്നും അതത് സമയങ്ങളിൽ ലഭ്യമാകുന്നതെന്നും വായനക്കാരനു ലഭ്യമാക്കുന്ന സൗകര്യങ്ങൾ ഉണ്ടാവുക എന്നതും പ്രധാനമാണ്. വായനക്കാരന്റെ താമസയിടങ്ങളിലേക്ക് പുസ്തകങ്ങൾ ഒരു പോസ്റ്റ്മാനെപ്പോലെ എത്തിച്ചു കൊടുക്കുന്ന സാഹചര്യം ഒരുക്കുക എന്നതും പുതിയ വായനയിടങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ ഏറെ പ്രയോജനപ്പെടുന്നതായിരിക്കും. ഇവിടെയെല്ലാം പുസ്തകങ്ങളോട് അവഗണന അവസാനിപ്പിക്കാനും പുസ്തകങ്ങളുടെ പേരിൽ ചെലവാക്കുന്ന കൂടുതൽ ഇടങ്ങളുടെ സ്ഥലം ലാഭിക്കാനും കഴിയുന്നു. അതിന്റെ പേരിൽ നമ്മുടെ ഖജനാവിന് ലൈബ്രറി ഗ്രാന്റ് എന്ന പേരിൽ വന്നുചേരുന്ന കൂടുതൽ കൂടുതൽ ചിലവിനങ്ങളിൽ നിന്നും മോചനം ലഭിക്കുകയും ചെയ്യുന്നു.

(10)

അമേരിക്കയിലെ വിസ ലഭിക്കണമെങ്കിൽ നമുക്ക് വീട്ടിലിരുന്ന് ലഭ്യമാക്കാനാകുംവിധം കാര്യങ്ങൾ ലളിതവത്ക്കരിച്ചിരിക്കുന്ന ലോകക്രമത്തിൽ നമ്മുടെ സംസ്ഥാനത്ത് ഒരു വില്ലേജിൽ നിന്ന് ഒരു സാക്ഷ്യപത്രം ലഭിക്കണമെങ്കിൽ എത്ര പ്രാവശ്യം നടക്കണം എന്നത് ഓരോ കേരളീയന്റേയും അനുഭവത്തിൽ നിന്ന് ഊഹിക്കാവുന്നതാണല്ലൊ. ചെറിയ ചെറിയ കാര്യങ്ങൾക്ക് വേണ്ടി പല പ്രാവശ്യം നടക്കുന്നതും നമ്മുടെ സർക്കാർ ഓഫീസുകളിൽ അരങ്ങേറുന്ന കൈക്കൂലി, അഴിമതി, വൃത്തിയില്ലായ്മ, കമ്പ്യൂട്ടർവത്ക്കരണത്തോടുള്ള എതിർപ്പ് എന്നിവയെ പ്രോത്സാഹിപ്പിക്കുന്നതും തൊഴിലാളി സ്നേഹമാണ് എന്ന് തെറ്റിദ്ധരിപ്പിക്കുംവിധം രാഷ്ട്രീയ ഭരണ നേതൃത്വങ്ങളും സംഘടനാ നേതൃത്വങ്ങളും നമ്മുടെ സംസ്ഥാനത്തെ രൂപപ്പെടുത്തിയിരിക്കുന്നു.

നമ്മുടെ സംസ്ഥാനത്തെ കഴിയുംവിധമുള്ള എല്ലാവിധ സേവനങ്ങളും ഓൺലൈൻ സർവീസിലൂടെ ലഭ്യമാക്കുക എന്നതും സംസ്ഥാനത്തെ ജനവിഭാഗത്തിന് ലഭ്യമാകേണ്ട സേവനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭ്യമാകുന്നു എന്നും ഉറപ്പു വരുത്തേണ്ടതുമുണ്ട്. കഴിയുംവിധം ഓഫിസിന്റെ ചുമതലയുള്ള മേധാവി ഒഴിച്ച് ആവശ്യമായി വരുന്ന ജീവനക്കാരെ കോൺട്രാക്റ്റ് അടിസ്ഥാനത്തിൽ നിയമനം നടത്തിയൊ ഔട്ട് സോർസിങ് സേവനം ലഭ്യമക്കിയൊ കുറഞ്ഞ സേവന വേതന വ്യവസ്ഥയിൽ നമ്മുടെ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തനനിരതമാക്കാനും അതുവഴി സംസ്ഥാനം ആധുനീകവത്ക്കരിക്കാനും അധികം വരുന്ന ജീവനക്കാരെ പുനർനിയമനം നടത്താനും അമാന്തിക്കരുത്.

(11)

സംസ്ഥാനത്ത് നിലവിലുള്ള സംവരണ രീതി ലോകത്തെവിടെയെങ്കിലും ഉണ്ടോ എന്ന കാര്യം സംശയമാണ്. ഭൂരിഭാഗം വരുന്ന ജീവനക്കാരും ജാതിയുടെ അടിസ്ഥാനത്തിലുള്ള സംവരണത്തിലൂടെ വരുന്നവരുമാണ്. കാര്യക്ഷമതയുടെ അഭാവത്തിൽ നിയമിക്കപ്പെടുന്ന ഇത്തരം നിയമനങ്ങൾ നമ്മുടെ ജനജീവിതം ആധുനീക കാലഘട്ടത്തിനൊത്തു വളരുന്നതിൽ നിന്നും വിലക്കുകയൊ സമൂഹത്തിന്റെ വളർച്ചയെ തടയുകയൊ ആണ് ചെയ്യുന്നത്. ഒന്നൊ രണ്ടൊ ശതമാനം വരുന്ന സർക്കാർ ജീവനക്കാർക്ക് വേണ്ടി ഭൂരിഭാഗം വരുന്ന ജനസമൂഹത്തെ ബന്ദികളാക്കുന്ന രാഷ്ട്രീയ ഭരണ കാഴ്ചപ്പാടുകൾ മാറ്റേണ്ടതുണ്ടെന്നും അത്തരമൊരു കാഴ്ചപ്പാടിനെ മാറ്റിമറിക്കാൻ ജാതി-മത ഭേദമന്യേ എല്ലാ വിഭാഗം ജനങ്ങളും ഒന്നിക്കേണ്ടതുമുണ്ട്. അത്തരമൊരു നിലപാടുകൾ ജാതിമതഭേദമന്യേ സ്വീകരിച്ചാൽ മാത്രമെ ഭൂരിപക്ഷം വരുന്ന ജനവിഭാഗത്തിന്റെ താത്പര്യങ്ങൾ സംരിക്ഷിക്കപ്പെടുകയുമുള്ളൂ.

നിയമനങ്ങളിൽ സംവരണം നിലനിൽക്കുന്നതിനാൽ സംസ്ഥാനത്തെ ജനങ്ങൾക്ക് ലഭ്യമാക്കേണ്ട സേവനങ്ങൾ ആധുനികവത്ക്കരിക്കാനൊ കാര്യക്ഷമമാക്കാനൊ സാധിക്കാതെയുള്ള അവസ്ഥ പരിതാപകരം തന്നെയാണ്. ബ്രിട്ടീഷുകാർ ഭാരതം ഭരിച്ചിരുന്ന കാലഘട്ടത്തിൽ ഉണ്ടായിരുന്ന ജീവനക്കാരുടെ തൊഴിൽ റേഷ്യോ തന്നെ സംസ്ഥാനത്ത് തുടരേണ്ടി വരുന്നത്

സംവരണം എന്ന നിയമനരീതി കാലങ്ങളായി തുടരുന്നതു കൊണ്ടാണെന്ന് നമ്മുടെ സംസ്ഥാനമായ കേരളം തിരിച്ചറിയേണ്ടിയിരിക്കുന്നു. നമ്മുടെ സംസ്ഥാനമായ കേരളത്തിൽ സർക്കാർ ഓഫീസുകൾ ആധുനീകവത്ക്കരിച്ചാൽ കാര്യക്ഷമതയുടെ അഭാവത്തിൽ നിയമനം നടത്തിയ ജീവനക്കാർ ഉണ്ടാക്കാവുന്ന പ്രശ്നങ്ങളും സമൂഹത്തിന് മികച്ചതും കാര്യക്ഷമവുമായ സേവനം ലഭിക്കുന്നതിന് വിലങ്ങുതടിയാകുന്നു. മികച്ച സേവനം ജനസമൂഹത്തിന് ലഭ്യമാക്കുവാനായി നമ്മുടെ സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾ ആധുനീകവൽക്കരിച്ചാൽ ഉണ്ടാകാവുന്ന അധികം വരുന്ന ജീവനക്കാരെ പുനർവിന്യസിക്കാൻ ഇന്നത്തെ നിലയിൽ സാധ്യമാകാത്ത വിധം സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ തൊഴിൽ ലഭിച്ചവരും രാഷ്ട്രീയ മേഖലയിൽ നേതൃസ്ഥാനങ്ങളിൽ എത്തിയവരുമായ ഒന്നാം തരം പൗരന്മാർ നാശോൻമുഖമായ ചിന്താഗതി വളർത്തിയെടുത്തിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങൾ അടിയന്തരപ്രാധാന്യമുള്ളതായി പരിഗണിച്ച് സർക്കാർ ഓഫീസുകളെ നവീകരിക്കേണ്ടിയിരിക്കുന്നു.

(12)

നമ്മുടെ സർക്കാർ ഓഫീസുകളിലെ നിലവിലെ പ്രമോഷൻ രീതികൾ ഏറെക്കുറെ പൂർണ്ണമായും സേവനകാലാവധിയെ ആശ്രയിച്ചാണ് നടപ്പിലാക്കുന്നത്. സർക്കാർ ഓഫീസുകളിലെ നിയമനങ്ങളാകട്ടെ കാര്യക്ഷമതക്കല്ല പ്രാധാന്യം നൽകുന്നതെന്നും ജാതിയുടെ അടിസ്ഥാനത്തിലുള്ള ക്വാട്ട പ്രകാരവുമാണ്. അതുകൊണ്ടു തന്നെ കുറഞ്ഞ കാര്യക്ഷമതയുള്ള ജീവനക്കാരൻ സർക്കാർ സംവിധാനത്തിലുള്ള ഓഫീസുകൾ നിയന്ത്രിക്കുകയും സംസ്ഥാനത്തെ ജനങ്ങൾക്ക് ആവശ്യമായ ഗുണമേന്മയുള്ള സേവനം ലഭ്യമാകാതെ വരുകയും ചെയ്യുന്നു. പരിഹാരമായി നിർദ്ദേശിക്കാനുള്ളത് സേവനകാലാവധിയല്ല കാര്യക്ഷമതയാണ് പ്രമോഷന് മാനദണ്ഡമാക്കേണ്ടത് എന്നാണ്. വിവിധതരം മാനദണ്ഡങ്ങളിലൂടെ കാര്യക്ഷമത പരിശോധിച്ച് കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റാങ്ക് പ്രകാരം പ്രമോഷൻ കൊടുക്കുക എന്നതാണ് പരിഹാരമായി നിർദ്ദേശിക്കാനുള്ളത്. സിവിൽ സർവീസ് പോലുള്ള യോഗ്യത മാനദണ്ഡങ്ങൾക്കനുസരിച്ചുള്ളവർ ഓഫിസ് മേധാവികളായി വരികയും അതാത് കാലയളവിൽ ആവശ്യമായി വരുന്ന ജീവനക്കാരെ കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുകയൊ, ഔട്ട് സോഴ്സിങ്ങ് സമ്പ്രദായത്തിൽ സേവനങ്ങൾ ലഭ്യമാക്കുകയൊ ചെയ്യുന്നത് എന്തുകൊണ്ടും നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് ശരിയായ സേവന ലഭ്യത ഉറപ്പു വരുത്തുവാൻ സഹായിക്കുന്നു.

(13)

നമ്മുടെ സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ എൻഡ്രി കേഡറിലുള്ള നിയമനങ്ങളിൽ നിശ്ചിത ശതമാനം പലപ്പോഴും അതതു ഡിപ്പാർട്ട്മെന്റിലെ തഴ്ന്ന ജീവനക്കാരുടെ നിയമനങ്ങൾക്കായി മാറ്റി വച്ചിരിക്കുന്നു. ഇത്തരം അവിദഗ്ധ ജീവനക്കാരുടെ ബാഹുല്ല്യവും സംസ്ഥാനത്തെ ജനങ്ങൾക്ക് ഉയർന്ന സേവനം നൽകുന്നതിന് തടസമായി മാറുന്നു. ഉയർന്ന നിരക്കിലുള്ള ഖജനാവിന്റെ സാമ്പത്തിക ശോഷണത്തിനും ഇത് കാരണമാകുന്നു. എൻഡ്രി കേഡറിലുള്ള നിയമനങ്ങൾ പൂർണ്ണമായും അതത് പോസ്റ്റുകളിലെ ക്വാളിഫിക്കേഷനും അതത് കാലയളവിലെ മത്സരാർത്ഥികളുടെ കാര്യക്ഷമതക്കും അനുസൃതമാണെന്ന് ഉറപ്പ് വരുത്തുകയാണ് അടിയന്തിരമായി ചെയ്യേണ്ടത്.

നമ്മുടെ സംസ്ഥാനത്തെ സർക്കാർ സർവ്വീസിലാകട്ടെ താഴ്ന്ന പോസ്റ്റിലുള്ള ജീവനക്കാരുടെ മത്സരക്ഷമത നോക്കാതെ നൽകുന്ന ഇത്തരം പ്രമോഷനുകൾ നമ്മുടെ സർക്കാർ സംവിധാനങ്ങൾ ജീവനക്കാർക്കു മാത്രം വേണ്ടിയുള്ളതാക്കി മാറ്റുന്നു. സംസ്ഥാനത്തെ ജനങ്ങളുടെ താത്പ്പര്യത്തിന് പ്രഥമ പരിഗണന നൽകുന്നതിനു പകരം ജീവനക്കാർക്ക് മാത്രമായി നൽകുന്ന പ്രഥമ പരിഗണന എത്രമാത്രം നിഷ്ക്രീയ നേതൃത്വങ്ങളാണ് നമ്മുടെ സംസ്ഥാന രാഷ്ട്രീയ ഭരണ മേഖലയിലുള്ളവരും സംഘടനാ നേതൃനിരയിലുള്ളവരും എന്ന് വ്യക്തമാക്കുന്നു. അഴിമതിയുടേയും കൈക്കൂലിയുടേയും വൃത്തിയില്ലായ്മയുടേയും കമ്പ്യൂട്ടർവത്ക്കരണത്തോടുമുള്ള എതിർപ്പിന്റേയും ഒരു കാരണം ഇത്തരം നിയമനങ്ങൾ കൂടിയാണ്. സാധാരണ ജനവിഭാഗത്തിനോടുള്ള ഇത്തരം വെല്ലുവിളികൾ ഒരു തരത്തിലും വച്ചു പൊറുപ്പിക്കാനാവുന്നതല്ല എന്ന് എന്നാണ് നമ്മുടെ സംസ്ഥാനം തിരിച്ചറിയുന്നത്.

(14)

നമ്മുടെ സർക്കാർ സർവ്വീസിലെ താഴ്ന്ന പോസ്റ്റിലുള്ള ജീവനക്കാരുടെ കാര്യക്ഷമത നോക്കാതുള്ള പ്രമോഷൻ നിയമനങ്ങൾക്ക് പുറമെയാണ് ആശ്രിത നിയമനങ്ങളും സർക്കാർ ഓഫീസുകളിൽ നടമാടുന്നത്. പലപ്പോഴും എൻഡ്രി കേഡറിലുള്ള ജീവനക്കരുടെ ശരാശരി കാര്യക്ഷമതയുടെ നിലവാരം പോലും ഇങ്ങനെ നിയമനം ലഭിക്കുന്ന ആശ്രിതന് ഇല്ലാതെ പോകുന്നു എന്നത് ന്യായീകരിക്കാനാവുന്നതല്ല. ഇത് ജാതി തിരിച്ചുള്ള നിയമനങ്ങളിലെ സംവരണം പോലെ സമൂഹത്തിനു നേരെ ഉയർത്തുന്ന വെല്ലുവിളിയാണ്. മരിച്ച ജീവനക്കാരന്റെ ആശ്രിതർക്ക് ലഭിക്കുന്ന പെൻഷനും മറ്റിതര ആനുകൂല്ല്യങ്ങൾക്കും പുറമെയാണ് ഇത്തരം നിയമനങ്ങൾ എന്നും ഇത് സംസ്ഥാനത്തെ ജനവിഭാഗത്തിന് ലഭ്യമാകേണ്ട ഉയർന്ന സേവനത്തിനും സാമൂഹ്യ സുരക്ഷക്കും വികസനത്തിനും ഒരു വെല്ലുവിളി തന്നെയാണ്.

മരിച്ചു പോയ ജീവനക്കാരന്റെ ആശ്രിതർക്ക് ന്യായമായും ലഭ്യമാകുന്ന പെൻഷനും മറ്റിതര ആനുകൂല്ല്യങ്ങളും ലഭ്യമാക്കേണ്ടതുണ്ടെന്നും അതിനു പുറമെ കാര്യക്ഷമതയുടെ അടിസ്ഥാനത്തിലല്ലാതെയുള്ള ആശ്രിത നിയമനം നടത്തുന്നത് നീതീകരിക്കാനാവുന്നതല്ല എന്നും നമ്മുടെ സംസ്ഥാനം തിരിച്ചറിയുക തന്നെ വേണം. തൊഴിലാളി താൽപ്പര്യത്തിന്റെ പേര് പറഞ്ഞ് സംസ്ഥാനത്തെ ജനവിഭാഗത്തെ കൊള്ളയടിക്കുന്ന ചിന്താഗതി വളർത്തിയെടുത്ത രാഷട്രീയ-ഭരണ നേതൃത്വങ്ങളേയും സംഘടനാ നേതൃത്വങ്ങളേയും തിരിച്ചറിയേണ്ടിയിരിക്കുന്നു.

(15)

നദികളാൽ സമ്പുഷ്ഠമാണ് കേരളം. എന്നിട്ടും കാർഷികോൽപ്പന്നങ്ങൾക്ക് കേരളം മറ്റിതര സംസ്ഥാനങ്ങളെ ആശ്രയിക്കുന്നു. ജലവൈദ്യുത പദ്ധതികളും കാലാനുസൃത മായി നടപ്പിലാക്കാനും കേരളത്തിന് കഴിഞ്ഞിരുന്നില്ല. വൻകിട ജലവൈദ്യുത പദ്ധതിയായ ഇടുക്കി ജലവൈദ്യുതി പദ്ധതി അലസതയും തൊഴിൽ പ്രശ്നങ്ങളുമായി പ്രതീക്ഷിച്ച തിലും ഏറെക്കാലം കഴിഞ്ഞാണ് പൂർത്തീകരിക്കാൻ സാധിച്ച ത്. അതുകൊണ്ടുതന്നെ മുൻതലമുറ ഏറെക്കാലം കൂടുതൽ ഇരുട്ടിലും വികസന മുരടിപ്പിലും കാലം കഴിക്കേണ്ടതായി വന്നു. അലസതയും സംസ്ഥാനത്ത് തൊഴിൽ മേഖലയിലെ നോക്കുകൂലി സംസ്ക്കാരവുമൊക്കെയാണ് വൈദ്യുതി ഉത്പ്പാദന മേഖലയിലേയും വിതരണ മേഖലയിലേയും മുരടി പ്പിന് കാരണമാകുന്നത്.

കേരള സംസ്ഥാനത്ത് മറ്റിതര സംസ്ഥാനങ്ങൾ ചുമ ത്തുന്നതിനേക്കാൾ ഉയർന്ന വൈദ്യുതി നിരക്കാണ് നില നിൽക്കുന്നത്. വൈദ്യുതി വിതരണ സംവിധാനം ആധു നീകവത്ക്കരിക്കേണ്ടതുണ്ടെന്നും അവിടങ്ങളിൽ ഔട്ട് സോഴ്സിങ്ങ് സമ്പ്രദായം നടപ്പിലാക്കേണ്ടതുണ്ടെന്നും അതു വഴി സൗജന്യ വൈദ്യുതി എന്ന നൂറ്റാണ്ടിനൊത്ത ആവശ്യം നേടിയെടുക്കേണ്ടതുമുണ്ട്. ജലവൈദ്യതികളാൽ സമ്പന്ന മായ കേരളത്തിന് എന്തുകൊണ്ടും ആ മേഖലയിൽ ആധുനീ കവത്ക്കരണം വഴിയും ഔട്ട് സോഴ്സിങ് സമ്പ്രദായം വഴിയും ഗാർഹിക ഉപഭോക്താക്കൾക്ക് സൗജന്യ വൈദ്യുതി ലഭ്യമാക്കുക തന്നെ വേണം.

(16)

നമ്മുടെ സംസ്ഥാനത്ത് ആനവണ്ടി എന്ന പേരിൽ അറിയപ്പെടുന്ന കെ.എസ്.ആർ.ടി.സി എന്ന യാത്രാ ബസ്സുകൾ സംസ്ഥാന ഖജനാവിന് ഏറെ ബാധ്യതയുണ്ടാക്കുന്നു. സംസ്ഥാനത്ത് നിലനിൽക്കുന്ന ബസ്സ് ചാർജ്ജ് മറ്റു സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഏറെ അധികവും സംസ്ഥാന ജനവിഭാഗത്തിന് അമിത ഭാരം സമ്മാനിക്കുന്നതുമാണ്. കേരള സംസ്ഥാനത്തിന്റെ പ്ലാൻ ഫണ്ടും തനത് വായ്പയെടുത്തുമൊക്കെയാണ് ആവശ്യമായി വരുന്ന പുതിയ ബസ്സുകൾ വാങ്ങാൻ കെ.എസ്.ആർ.ടി.സി കാണുന്ന വഴികൾ. നമ്മുടെ സംസ്ഥാനത്ത് വ്യവസായിക അന്തരീക്ഷമില്ലാത്തതിനാൽ വ്യവസായ ശാലകൾ നന്നെ കുറവും തൊഴിൽ സാധ്യതകൾ പരിമിതവുമായി തുടരുന്നു. അതുകൊണ്ടു തന്നെ കെ.എസ്.ആർ.ടി.സി നൽകുന്ന തൊഴിൽ സാധ്യതയും വേതനവും തുടർന്നുള്ള പെൻഷനുമൊക്കെ ആകർഷകമായി തുടരുകയാണ്. ഇത്തരം ആനവണ്ടികൾ നമ്മുടെ സംസ്ഥാന ഖജനാവിന് ബാധ്യതയും ഉയർന്ന ബസ് ചാർജ്ജ് ഈടാക്കുക വഴി പൊതുജനത്തിന് സാമ്പത്തിക ബാധ്യതയും വരുത്തി വക്കുന്നു.

കെ.എസ്.ആർ.ടി.സി കാലാനുസൃതമായി നവീകരിക്കാനും ആ സ്ഥാപനം പൂർണ്ണമായും തൊഴിൽ മേഖലയിൽ ഔട്ട് സോഴ്സിങ് സമ്പ്രദായം നടപ്പിലാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. ഈ സ്ഥാപനം മൂലം ഇന്നത്തെ സംസ്ഥാന ഖജനാവിന്റെ ബാധ്യതയായി തട്ടിച്ചു നോക്കുമ്പോൾ ഔട്ട് സോഴ്സിങ് സമ്പ്രദായം തൊഴിൽ മേഖല

യിൽ നടപ്പിലാക്കുന്നതോടു കൂടി അത്തരം ബസ് യാത്ര കൾ പൊതുജനങ്ങൾക്ക് സൗജന്യമാക്കാനും കഴിയുന്നു. നൂറ്റാണ്ടിനൊത്ത വിധം നമ്മുടെ സംസ്ഥാനത്തെ വളർത്തിയെടുക്കുന്നതിൽ സൗജന്യ യാത്രക്കും ആധു നീക നിരത്തുകൾക്കും ഏറെ പ്രസക്തിയുണ്ട്. അതു കൊണ്ട് തന്നെ കെ.എസ്.ആർ.ടി.സി.യിലെ തൊഴിൽ മേഖല പൂർണ്ണമായും ഔട്ട് സോഴ്സിങ്ങ് സമ്പ്രദായത്തി ലേക്ക് മാറുവാനും കൂടുതൽ ഉയർന്ന സേവനം എന്ന നിലയിലേക്ക് നമ്മുടെ സംസ്ഥാനത്തിന് എത്തിപ്പെടാനും കഴിയുന്നു.

(17)

സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ ഔട്ട് സോഴ്സിങ് സമ്പ്രദായത്തിലൂടെ ലഭിക്കാവുന്ന സേവനങ്ങൾ ലഭ്യമാക്കി കുറഞ്ഞ നിരക്കിലുള്ള ചിലവുകൾ നടപ്പിൽ വരുത്തുക എന്നതാണ് വികസനാത്മകവും ചലനാത്മകവുമായ സമൂഹം ചെയ്യേണ്ടത്. എന്തിനും ഏതിനും എതിർപ്പുകളുമായി എത്തുന്ന രാഷ്ട്രീയ ഭരണ നേതൃത്വങ്ങളും അതിലൂടെ എത്തിപ്പെടുന്ന സംഘടന നേതൃത്വവും ഔട്ട് സോഴ്സിങ് മേഖലയിൽ നിന്നും അതത് ഡിപ്പാർട്ടുമെന്റുകൾ സേവനം വാങ്ങുന്നതിനെ എതിർക്കുന്നത് ജനജീവിതം കൂടുതൽ ദുഷ്ക്കരമാക്കാൻ ഇടയാക്കുന്നു.

ആധുനീക സമൂഹത്തിൽ അതത് ഡിപ്പാർമെന്റിലെ സേവനം മികച്ചതായി ലഭ്യമാക്കുന്നതിന് എത്ര ജീവനക്കാരെ വേണം, ജീവനക്കാരുടെ ക്വാളിഫിഷേൻ എന്തെല്ലാമായിരിക്കണം എന്നു തീരുമാനിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് പരിഗണിക്കേണ്ടത്. അത്തരം മാനദണ്ഡങ്ങൾ പരിഗണിച്ച് നിലവിലുള്ള സംസ്ഥാന സർക്കാർ പൊതുമേഖല ജീവനക്കാരുടെ സംഖ്യ 10% ആയൊ മറ്റൊ കുറക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടിയിരിക്കുന്നു. കുറഞ്ഞ ചിലവിൽ കൂടുതൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് നമ്മുടെ സർക്കാർ ഓഫീസുകൾ നവീകരിക്കുക എന്നതും അതിന് പ്രാപ്തരായവർക്ക് മാത്രം നിയമനവും പ്രമോഷനും കൊടുക്കുക എന്നതും വളരെ പ്രധാനപ്പെട്ടതാണ്. സമൂഹത്തിന് ലഭ്യമാകുന്ന സേവനങ്ങൾക്ക്

ഉയർന്ന ഫീസ് ഈടാക്കുന്നത് ആയിടങ്ങളിലെ ജീവന ക്കാരുടെ സേവന വേതന വ്യവസ്ഥക്ക് മതിയാകാതെ വരുന്നത് നമ്മുടെ രാഷ്ട്രീയ ഭരണ നേതൃത്വവും സംഘ ടനാ നേതൃത്വവും സമൂഹത്തിൽ വളർത്തിയെടുത്ത നോക്കുകൂലിയിൽ ഊന്നിയുള്ള തൊഴിൽ ചിന്താഗതി കാരണമാകുന്നു. കാര്യക്ഷമതയുടെ കുറവും പേനയും പേപ്പറുമൊന്നും കണ്ടുപിടിച്ചിട്ടില്ലാത്ത നാളുകളിലെ തൊഴിൽ റേഷ്യോയും താരതമ്യേന പൗരന്മാരുടെ അന്ത സിനു വിലമതിക്കാത്ത പെരുമാറ്റവും ആധുനിക സാങ്കേ തിക ഉപകരണങ്ങളോടുമുള്ള എതിർപ്പും മുന്നോക്ക വിഭാഗക്കാരുടെ പ്രാതിനിധ്യം സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ കുറയുന്നതുകൊണ്ടാണെന്ന പല്ല വിക്കും നമ്മുടെ സംസ്ഥാനം പരിഹാരം കാണേതുണ്ട്.

(18)

സ്വാതന്ത്ര്യാനന്തര കേരളത്തിന്റെ ഏറെ നാളത്തെ ആവശ്യങ്ങളിലൊന്നായിരുന്നു ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പോലെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്നത്. കേരളത്തെ പിന്നോട്ടടിക്കുന്ന രാഷ്ട്രീയ ഭരണ രംഗത്തുള്ളവരും തൊഴിൽ സംഘടനാ മേഖലയിലുള്ളവരും വളർത്തിയെടുത്ത ചിന്താഗതിമൂലം നമ്മുടെ സംസ്ഥാനത്തിന് അത് അപ്രാപ്യമായി തുടരുകയായിരുന്നു. കേരളത്തിനെ പിന്നോട്ടു വലിക്കുന്ന സംഘടനാ മേഖലയിലെ മേധാവിത്വവും സർക്കാർ ഓഫീസുകളിലെ നോക്കുകൂലി സംസ്ക്കാരവുമൊക്കെ അത്തരമൊരു കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് എന്ന ആവശ്യം നേടിയെടുക്കുവാൻ സാധ്യമായില്ല. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പോലെ സമൂഹത്തിലെ സുപ്രധാന സ്ഥാനം വഹിക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പക്ഷെ കേരളത്തിൽ നടപ്പാക്കുന്നത് പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ എന്ന് പറയും പോലെയാണ്. ഇരുപ്പത്തിയൊന്നാം നൂറ്റാണ്ടിലെ സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിലെ സ്ഥാനമാനങ്ങൾ വഹിക്കുന്നവർക്ക് ആധുനീക സാങ്കേതിക ജ്ഞാനം ഉണ്ടായിരിക്കേണ്ടതുണ്ട്. എന്നാൽ സർക്കാർ ഓഫീസുകളിൽ നടപ്പിലിരിക്കുന്ന നോക്കുകൂലി സംസ്ക്കാരം ഇല്ലായ്മ ചെയ്യാൻ സഹായകമാവും വിധമല്ല കേരളത്തിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നത്.

സംവരണം എന്ന ജാതി വ്യവസ്ഥയിലൂടെ നിയമനത്തിനായി തിരഞ്ഞെടുക്കപ്പെടുന്നതിന് മുന്തിയ പരിഗണന നൽകിയ സർക്കാർ ജീവനക്കാരനെ തന്നെയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലും തിരഞ്ഞെടുക്കപ്പെടുന്നതിലെ ഭൂരിഭാഗവും. അങ്ങനെ നിയമനത്തിനായി തിരഞ്ഞെടുക്കുന്നവർക്ക് വീണ്ടും ജാതി വ്യവസ്ഥയിലൂടെ മുന്തിയ പരിഗണന കൊടുത്ത് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്യുന്നു. ഇങ്ങനെ കാര്യക്ഷമതയെ കശാപ്പ് ചെയ്ത് നടപ്പിലാക്കുന്ന കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുന്നവർ കേരള ജനത ഒരിക്കലും ആധുനിക സംസ്ക്കാരത്തിൽ എത്തിപ്പെടണമെന്ന് ആഗ്രഹിക്കാത്തവരാണ്. സംവരണത്തിലൂടെ എത്തിപ്പെട്ട ട്രേഡ് യൂണിയൾ നേതാക്കൾ നിരത്തിവച്ച നിർദ്ദേശങ്ങൾ അതേപടി നടപ്പിലാക്കുക വഴി കെ.എ.എസ് എന്ന ആശയം അട്ടിമറിക്കുപ്പെടുന്നു. നമ്മുടെ സംസ്ഥാനത്തെ വളർച്ചാ നിരക്ക് വർദ്ധിപ്പിക്കുക എന്നതല്ല രാഷ്ട്രീയ ഭരണകൂടങ്ങൾ ഉദ്ദേശമിടുന്നത് എന്ന് വ്യക്തം.

(19)

നമ്മുടെ സംസ്ഥാനത്തെ സർക്കാർ പൊതുമേഖല സ്ഥാപനങ്ങൾ ഏറെക്കുറെ അലസതയുടേയും നോക്കുകൂലി യുടേയും അഴിമതിയുടേയും കൈക്കൂലിയുടേയും കൂത്തര ങ്ങായി മാറിയിരിക്കുന്നു. സർക്കാർ മേഖലയെന്നും അല്ലാത്ത മേഖലയെന്നും രണ്ടുതരം പൗരന്മാരെ വാർത്തെടു ക്കുന്നതിൽ നമ്മുടെ സംസ്ഥാനത്തെ രാഷ്ട്രീയ ഭരണ മേഖ ലയിലുള്ളവർ മത്സരിക്കുകയാണ്. അതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക ബഡ്ജറ്റ് ഏറെ ക്കുറെ പൂർണ്ണമായും സർക്കാർ പൊതുമേഖല സംവിധന ത്തിന്റെ നിത്യനിതാന ചിലവുകൾക്കായി ചുരുങ്ങിയിരിക്കു ന്നു. ഇരുപത്തി ഒന്നാം നൂറ്റാണ്ടിനൊത്തവിധം നമ്മുടെ സർക്കാർ ഓഫീസുകളെ നവീകരിക്കുവാനൊ അങ്ങനെ ആധുനീകവത്ക്കരിക്കുക വഴി സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ നിന്നു ജനങ്ങൾക്ക് ലഭിക്കേണ്ട കാര്യക്ഷമത ലഭ്യമാക്കാനൊ മാറി മാറി വരുന്ന സർക്കാരുകൾ ശ്രമിക്കു ന്നുമില്ല.

സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെ സർക്കാർ പൊതുമേഖ സ്ഥാപനങ്ങൾ ആധുനീകവത്ക്കരി ക്കുകയും അധികം വരുന്ന ജീവനക്കാരെ പുനർവിന്യസി ക്കുകയും ചെയ്യുന്നതോടെ ഇത്തരം മേഖലയിലെ ചിലവു കൾ സംസ്ഥാന റവന്യൂ വരുമാനത്തിന്റെ പത്തൊ ഇരുപതൊ ശതമാനമായി ചുരുക്കുവാൻ കഴിയുന്നു. സംസ്ഥാനത്തിന്റെ വികസനാവശ്യം തിരിച്ചറിഞ്ഞ് പുതു തലമുറക്കായി നൂറ്റാണ്ടി നൊത്ത വിധം സംസ്ഥാനത്തെ രൂപപ്പെടുത്തുന്നതിനായി രിക്കണം നമ്മുടെ സംസ്ഥാനത്തെ റവന്യൂ വരുമാനം ചിലവ ഴിക്കപ്പെടേണ്ടത്.

(20)

കേരളത്തിലെ യുവത നമ്മുടെ പ്രിയപ്പെട്ടതും ലോകത്തിലെ തന്നെ മനോഹാരിതയിൽ മുന്നിട്ടു നിൽക്കുന്നതുമായ സംസ്ഥാനം വിട്ടു തുടങ്ങിയിട്ട് നാളു കളേറെയായിരിക്കുന്നു. ഏതാണ്ട് രണ്ടായിരത്തി മുപ്പത് എത്തുമ്പോൾ മുപ്പത് വയസ്സുകളിൽ എത്തിനിൽക്കുന്ന കാര്യവിവരവും വിദ്യഭ്യാസവുമുള്ള യുവതയിൽ ആരെ ങ്കിലും കേരളത്തിൽ അവശേഷിക്കുമൊ എന്ന കാര്യം സംശയമാണ്. അപ്പോഴും സംഘടനാ നേതൃത്വത്തെ വാനോളം പുകഴ്ത്തി സർക്കാർ മേഖലയിലെ നോക്കു കൂലി സംസ്ക്കാരത്തെ അംഗീകരിക്കുന്നവരും രാഷ്ട്രീയ ഭരണ നേതൃത്വവും സർക്കാർ പൊതുമേഖല യിലെ ഒന്നാംതരം പൗരന്മാരെന്ന് അഹങ്കരിക്കുന്നവരും പഴയകാലത്ത് നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നവർ ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങളെ എണ്ണിപ്പറഞ്ഞ് കേരള മോഡൽ എന്ന് അഹങ്കരിച്ചു കൊണ്ടിരിക്കുക തന്നെ ചെയ്യും. ഒരുപക്ഷെ 48 മണിക്കൂർ നീളുന്ന ബന്ദും ഹർത്താലുമൊക്കെ നാൽപ്പത്തെട്ടു ദിവസത്തേക്ക് കേരള ത്തിൽ നടപ്പിലാക്കിയാലും അത്ഭുതപ്പെടാനുണ്ടാവില്ല. ആനയില്ലാതെ പാപ്പാനും തോട്ടിയും അവശേഷിക്കുന്ന അവസ്ഥ പോലെ കേരളവും നിലകൊള്ളേണ്ടി വരുന്നത് അത്ര ആശാവഹമല്ല.

അനുദിനം കടക്കെണിയിൽ പെട്ട് സംസ്ഥാനത്ത് വല്ലപ്പോഴും ലഭിക്കുന്ന വൈദ്യുതിയും മലീമസമാക്കപ്പെട്ട വെള്ളവും വായുവും ഉപയോഗിച്ചും കേരള ജനതക്ക് അഭിമുഖീകരിക്കേണ്ടി വരുന്നത് ദുർഗ്രഹമായ ദിനങ്ങളാ

യിരിക്കും. വിദേശത്തും അന്യസംസ്ഥാനങ്ങളിലുമായി പോയിട്ടുള്ളവർ, അവരുടെ സ്വന്തം ആളുകൾക്ക് അയച്ചു കൊടുത്തേക്കാവുന്ന പണത്തിനും സ്വത്തിനും വൻ നികുതിയൊക്കെ ചുമത്തി നമ്മുടെ സംസ്ഥാനം അപ്പോഴും കിതച്ചു കൊണ്ടു മുന്നേറാൻ ശ്രമിച്ചുകൊണ്ടി രിക്കുക തന്നെ ചെയ്യും. ചുരുക്കത്തിൽ നമ്മുടെ സംസ്ഥാനത്തിലെ നിലവിലുള്ള ചിന്താഗതി കാത്തിരിക്കു ന്നത് കോരന് കഞ്ഞി കുമ്പിളിൽ തന്നെ ലഭിക്കുവാനുള്ള അവസരമൊരുക്കുക തന്നെയാണ്. അത്തരം ചിന്താഗതി ക്കാരെ ജനാധിപത്യമാർഗ്ഗത്തിലൂടെ സംസ്ഥാനം തിര സ്ക്കരിക്കാൻ അമാന്തിക്കരുത്.

(21)

രാഷ്ട്രീയ ഭരണമേഖലയിലുള്ളവരും സംഘടനാ രംഗത്തുള്ളവരും അവരുടെ സ്വന്തക്കാരേയും ബന്ധുക്കളായവരേയും വിവിധ സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിൽ പലവിധ മാർഗ്ഗത്തിലൂടെ നിയമിക്കുന്നു. സ്വന്തക്കാരായവരേയും ബന്ധുക്കളായവരേയും വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ആറക്ക ശമ്പളത്തിലൊ അതിലധികമായൊ ആയി നിയമിച്ച് നമ്മുടെ സൊസൈറ്റിയിൽ നിലനിൽക്കുന്ന പുരോഗമനപരമായ പ്രവർത്തനങ്ങളെ അട്ടിമറിക്കാൻ രാഷ്ട്രീയ ഭരണ മേഖലയിലുള്ളവർ തുനിയുന്നത് അത്ര നല്ല കാര്യമല്ല. സംസ്ഥാന മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ആവശ്യത്തിനും അനാവശ്യത്തിനും സ്വന്തക്കാരെയൊ ബന്ധുക്കാരെയൊ നിയമിച്ച് രണ്ട് വർഷം പൂർത്തിയാക്കുന്നവർക്ക് പെൻഷൺ നൽകുന്നതും നമ്മുടെ സംസ്ഥാനത്ത് നിലവിൽ വരേണ്ട പുരോഗന ചിന്താഗതിയെ തുരങ്കം വക്കുന്നതാണ്. കേരളത്തെപ്പോലെ വിദ്യാഭ്യാസത്തിലും സാമൂഹ്യ മേഖലയിലും മുമ്പന്തിയിലെന്ന് അഭിമാനിക്കുന്നവർ ഇത്രയും നാണമൊ മാനമൊ ഇല്ലാത്ത പ്രവൃത്തികളിൽ മുഴുകുന്നവരെ തന്നെ സ്ഥാനാർത്ഥികളായി തിരഞ്ഞെടുക്കുകയും സംസ്ഥാനത്തെ ഭരണമേൽപ്പിക്കുകയും ചെയ്യുന്നത് വരുംതലമുറക്കുപോലും പൊറുക്കാനാവാത്ത പ്രവൃത്തിയാണ്.

സംസ്ഥാനത്തിന്റെ വിവിധ മേഖലകളിൽ സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുടെ നിയന്ത്രണാധികാരിയായി രാഷ്ട്രീയ

ഭരണ മേഖലയിൽ നിന്നുള്ള ബിനാമികൾ എത്തിപ്പെടുകയും അവർ തങ്ങളുടെ ബന്ധുക്കളേയൊ സ്വന്തക്കാരെയൊ നിയമിച്ച് സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല സ്ഥാപനങ്ങളുടേയും ഗുണത്തിലും മേന്മയിലും വീഴ്ച വരുത്തുന്നതിനാൽ അവ സമൂഹത്തിന് ബാധ്യതയായി മാറുന്നു. സമൂഹത്തിലെ മികച്ച വ്യക്തിത്വങ്ങളെ തഴഞ്ഞു കൊണ്ടുള്ള ഇത്തരം ഭരണമേൽപ്പിക്കൽ നമ്മുടെ സമൂഹത്തിലെ നിലവാരമില്ലായ്മ വെളിപ്പെടുത്തുന്നു.

(22)

കേരളത്തിന് എന്നും എപ്പോഴും എന്നപോലെ ഈ നൂറ്റാണ്ടിലും പൊതുമേഖലാസ്ഥാപനങ്ങളോട് പ്രത്യേക ആരാധനാ മനോഭാവം കാണാവുന്നതാണ്. എന്നാൽ അത്തരം സ്ഥാപനങ്ങളെല്ലാം തന്നെ കേരള സംസ്ഥാന ത്തിന്റെ ടാക്സ് ഇനത്തിൽ ലഭ്യമാകുന്ന വരുമാനത്തെ ചെറു തല്ലാത്ത വിധം കൊള്ളയടിക്കുന്ന സ്ഥാപനങ്ങളായി മാറുന്നു എന്നതാണ് സത്യം. ഇവിടെയാണ് തൊഴിൽരഹിതർ ഏറെ യുള്ളതും സാമ്പത്തിക മുടക്കുമുതലിന് തയ്യാറുമുള്ളവരെ അത്തരം സ്ഥാപനങ്ങളിൽ ആവശ്യമായ ഷെയർ എടുക്കുന്ന വർക്ക് തൊഴിൽ എന്ന വാഗ്ദാനത്തിലൂടെ എല്ലാവർക്കും തൊഴിലും സ്ഥാപനത്തോടുള്ള കൂറും നടപ്പിൽ വരുത്താൻ സാധിക്കുന്നത്.

പൊതുമേഖല സ്ഥാപനങ്ങളെല്ലാം തന്നെ സ്വകാര്യവ ത്ക്കരിക്കുകയൊ അല്ലെങ്കിൽ അത്തരം സ്ഥാപനങ്ങളിൽ ആവശ്യമായ ഷെയർ എടുക്കുന്നവർക്ക് ആ സ്ഥാപനങ്ങളിൽ തൊഴിൽ ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്. അതുവഴി കൂടുതൽ ഉത്തരവാദിത്ത ബോധവും കൂടുതൽ ഉത്പ്പാദ നവും ഉണ്ടാവുകവഴി ഇത്തരം സ്ഥാപനങ്ങൾ കേരളത്തിലെ തൊഴിൽ രംഗത്ത് മാതൃകയാകുന്നതാണ്. ഇങ്ങനെ വിറ്റഴിക്ക പ്പെടുന്ന സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന വിഭവ സമാ ഹാരങ്ങൾ പുതിയ പുതിയ വ്യവസായ സ്ഥാപനങ്ങൾ ആരം ഭിച്ച് നിക്ഷേപത്തിന് തയ്യാറാകുന്ന തൊഴിലാർത്ഥികളെ നിയ മിക്കുക വഴി ബാധ്യതയില്ലാതെ നമ്മുടെ സംസ്ഥാനത്ത് വ്യവ സായ സംരഭങ്ങളുടെ കൂടുതൽ കൂടുതൽ ശൃംഖല വർദ്ധിപ്പിക്കാൻ സാധ്യമാകുന്നതാണ്.

**<u>ANNEXURE – I</u>**

**The below article was published by Dr. Jos Chathukulam, Director Centre for Rural Management (CRM), Kerala on May 02, 2022 in *Deepika Daily* News Paper.**

## സർക്കാർ സംവിധാനത്തിലും വകുപ്പുകളിലും അധിക ജീവനക്കാർ?

1993 ഏപ്രിലിൽ നിലവിൽ വന്ന 73-ാം ഭരണഘടന ഭേദഗതിയുടെയും 1996ൽ നടപ്പിലാക്കിയ ജനകീയാസൂത്ര ണത്തിന്റേയും ഫലമായി കേരളത്തിലെ പ്രാദേശിക സർക്കാരുകൾക്ക് (തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ) ഒട്ടനവധി അധികാരങ്ങൾ ലഭിക്കുകയുണ്ടായി. 73-ാം ഭര ണഘടനാ ഭേദഗതിയുടെ അന്തസത്ത ഉൾക്കൊ ണ്ടുകൊണ്ട് അധികാരവികേന്ദ്രീകരണം ഏറ്റവും ഫലപ്രദ മായി നടപ്പിലാക്കിയ ഏക സംസ്ഥാനമാണ് കേരളം. പിൽക്കാലത്ത് ധാരാളം കൈകടത്തലുകളും വെട്ടിക്കുറ യ്ക്കലുകളും ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരി ക്കുന്നില്ല.

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കേര ളത്തിൽ സംസ്ഥാന സർക്കാർ പ്രാദേശിക സർക്കാരു കൾക്ക് ഭരണഘടനയുടെ 11-ാം പട്ടിക അനുശാസിക്കുന്ന 29 വിഷയങ്ങളിൽ 26 വിഷയങ്ങൾ കൈമാറ്റം ചെയ്യുക യുണ്ടായി. ഇവ ഫലപ്രദമായി നടപ്പിലാക്കുന്നതിന് ആവ ശ്യമായ പ്രവർത്തനങ്ങളും ജീവനക്കാരേയും പണവും കൈമാറ്റം ചെയ്തു. ഇത്തരത്തിൽ താഴേത്തട്ടിൽ ചെയ്യേ ണ്ട കാര്യങ്ങൾ താഴേത്തട്ടിലേക്ക് കൈമാറുമ്പോൾ

വിവിധ വകുപ്പുകളിൽ സ്വാഭാവികമായും ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ കുറവ് വരേണ്ടതാണ്. എന്നാൽ ഇത് സംഭവിച്ചിട്ടുണ്ടോ എന്നൊന്നു പരിശോധിക്കാം.

| നമ്പർ, സംസ്ഥാനം, ജനസംഖ്യ, സംസ്ഥാന ജീവനക്കാരുടെ എണ്ണം, റേഷ്യോ (1,00,000 ജനസംഖ്യക്ക്) | | | | |
|---|---|---|---|---|
| 1 | ആന്ധ്രപ്രദേശ് | 5,23,80,243 | 4,50,000 | 859 |
| 2. | ആസാം | 3,40,68,394 | 4,20,000 | 1233 |
| 3. | ബീഹാർ | 11,71,53,097 | 3,65,000 | 312 |
| 4. | ഛത്തീസ്ഗഡ് | 2,81,25,421 | 2,60,000 | 924 |
| 5. | ഗുജറാത്ത് | 6,58,05,207 | 4,65,000 | 707 |
| 6. | ഹരിയാന | 2,77,44,012 | 2,50,000 | 901 |
| 7. | ജാർഖണ്ഡ് | 3,66,72,687 | 1,62,000 | 442 |
| 8. | കർണ്ണാടക | 6,54,26,566 | 5,20,000 | 795 |
| 9. | കേരളം | 3,50,43,531 | 5,50,000 | 1569 |
| 10. | മധ്യപ്രദേശ് | 8,08,94,777 | 6,50,000 | 804 |
| 11. | മഹാരാഷ്ട്ര | 11,95,81,739 | 7,50,000 | 627 |
| 12. | ഒഡീഷ | 4,49,12,901 | 4,50,000 | 1002 |
| 13. | പഞ്ചാബ് | 2,92,57,517 | 3,50,000 | 1196 |
| 14. | രാജസ്ഥാൻ | 7,68,02,294 | 6,50,000 | 846 |
| 15. | തമിഴ്നാട് | 7,58,44,451 | 12,00,000 | 1582 |
| 16. | തെലുങ്കാന | 3,80,42,884 | 3,50,000 | 920 |
| 17. | ഉത്തർപ്രദേശ് | 22,42,98,802 | 8,00,000 | 357 |
| 18. | ബംഗാൾ | 9,67,75,592 | 3,00,000 | 310 |
| അവലംബം: വിവിധ സർക്കാരുകളുടെ ഔദ്യോഗിക രേഖകളെ അവലംബിച്ചാണ് ഈ പട്ടിക തയ്യാറാക്കിയിരിക്കുന്നത്) | | | | |

പ്രധാന സംസ്ഥാനങ്ങളിലെ ഉദ്യോഗസ്ഥരുടെ എണ്ണം ഒരു ലക്ഷം ജനങ്ങൾക്ക് എത്ര സർക്കാർ ജീവനക്കാർ എന്ന കണക്കു പരിശോധിക്കുമ്പോൾ കേവലം രണ്ടു സംസ്ഥാനങ്ങളിൽ മാത്രമാണ് ഒരു ലക്ഷം ജനസം

ഖ്യയ്ക്ക് ആയിരത്തിനു മുകളിൽ ജീവനക്കാർ ഉള്ളത് എന്നു കാണാവുന്നതാണ്.

കേരളവും തമിഴ്നാടുമാണ് ഈ രണ്ടു സംസ്ഥാന ങ്ങൾ. ഇതിൽ തമിഴ്നാട്ടിൽ അധികാരവികേന്ദ്രീകരണ പ്രക്രിയ അത്ര ഫലപ്രദമല്ല. അതുകൊണ്ടു തന്നെ വിവിധ വകുപ്പുകളിൽ ജീവനക്കാരുടെ എണ്ണം കൂടുതൽ വരാവു ന്നതാണ്. എന്നാൽ അധികാര വികേന്ദ്രീകരണം ഏറെ ക്കുറെ ഫലപ്രദമായി നടപ്പാക്കിയ കേരളത്തിൽ ഒരു ലക്ഷം ജനത്തിന് 1569 ജീവനക്കാരുടെ സേവനം ആവ ശ്യമാണൊ എന്നത് ഗൗരവതരമായ പരിശോധയ്ക്ക് വിധേയമാക്കേണ്ടതാണ്. തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങളിലെ ജീവനക്കാരുടെ എണ്ണത്തിൽ വന്ന വർദ്ധന ഇവിടെ പരിശോധിക്കപ്പെടേണ്ടതാണ്. 1995-96 കാലഘട്ട ത്തിൽ പ്രാദേശിക സർക്കാർ ജീവനക്കാരുടെ എണ്ണം 29,980 ആയിരുന്നത് 2020-21 ആകുമ്പോൾ 36,480 ആയി വർദ്ധിക്കുകയുണ്ടായി. അതായത് ഈ കാലയളവിൽ ഏതാണ്ട് 22 ശതമാനം വർദ്ധന ജീവനക്കാരുടെ എണ്ണ ത്തിൽ ഉണ്ടായി.

## സർക്കാരിന്റെ ഘടനയും വലിപ്പവും

സർക്കാർ സംവിധാനത്തിൽ ജീവനക്കാരുടെ എണ്ണം നിശ്ചയിക്കേണ്ടതു തീർച്ചയായും നൽകേണ്ട സേവനത്തെ അടിസ്ഥാനമാക്കി ആയിരിക്കണം. അതാ യത് സമയബന്ധിതമായും കാര്യക്ഷമതയോടെയും ഉള്ള സേവന ലഭ്യത, സേവനം ലഭ്യമാക്കേണ്ട ജനസംഖ്യയും വിസ്തൃതിയും തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ചായിരി ക്കണം ജീവനക്കാരുടെ എണ്ണം നിജപ്പെടുത്തേണ്ടത്.

പല പ്രധാനപ്പെട്ട സേവനങ്ങളും ഇപ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നടപ്പിലാക്കുന്നത്. അതുകൊണ്ടു തന്നെ വിവിധ വകുപ്പുകൾക്കു താഴെത്തട്ടിൽ ഇത്രധികം ഓഫീസ് സംവിധാനവും ജീവനക്കാരേയും ആവശ്യമാണൊ എന്നു വിലയിരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

ഏറ്റവും താഴെത്തട്ടിൽ ഇന്ത്യ പോലുള്ള ഒരു രാജ്യത്ത് അനിവാര്യമായും വേണ്ട സേവനമാണ് കൃഷി വകുപ്പിന്റേത്. അതുകൊണ്ട് തന്നെ കേരളത്തിലെ കൃഷി വകുപ്പിന്റെ ഘടനയും വലിപ്പവും കർണാടക, തെലുങ്കാന എന്നീ സംസ്ഥാനങ്ങളുമായി ഒന്നു താരതമ്യം ചെയ്തു നോക്കാം. ഈ മൂന്നു സംസ്ഥാനങ്ങളിലേയും ബജറ്റ് അനുബന്ധത്തിൽ കൊടുത്തിരിക്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഈ താരതമ്യം നടത്തുന്നത്. ഈ മൂന്നു സംസ്ഥാനങ്ങളിൽ കേരളമാണ് ജനസംഖ്യയിലും ഭൂവിസ്തൃതിയിലും ഏറ്റവും ചെറിയ സംസ്ഥാനം. തെലുങ്കാനയുടെ ജനസംഖ്യ കേരളത്തിനെ അപേക്ഷിച്ച് അൽപം കൂടുതലാണ്. ഭൂവിസ്ത്രൃതിയാകട്ടെ കേരളത്തേക്കാൾ മൂന്നു മടങ്ങ് കൂടുതലാണ്. കർണാടകയുടെ ജനസംഖ്യ കേരളത്തിന്റേതിനേക്കാൾ 83 ശതമാനം കൂടുതലാണ്. ഭൂവിസ്തൃതി അഞ്ചു മടങ്ങും കൂടുതലാണ്. കേരളത്തിൽ മൊത്തം ഭൂവിസ്തൃതിയുടെ നാലിൽ ഒന്നു വനമാണ്. തെലുങ്കാനയിൽ മൊത്തം ഭൂവിസ്തൃതിയുടെ 23 ശതമാനവും കർണാടകയിൽ 16 ശതമാനവും വനപ്രദേശമാണ്. മൂന്നു സംസ്ഥാനങ്ങളിലും ഏതാണ്ട് 13 ശതമാനം ഭൂപ്രദേശം മാത്രമാണ് കൃഷിക്കായി ഉപയോഗിക്കുന്നത്. കേരളത്തിൽ 20 ലക്ഷം ഹെക്ടറും തെലുങ്കാനയിൽ 40 ലക്ഷം ഹെക്ടറും

കർണാടകയിൽ 100 ലക്ഷം ഹെക്ടറും കൃഷിക്കായി ഉപയോഗിക്കുന്നു.

കേരളത്തിലെ കാർഷിക മേഖലയുടെ 57 ശതമാനം നാണ്യവിളകൾ കയ്യടക്കിയിരിക്കുമ്പോൾ കർണാടകത്തിൽ ഇതു കേവലം എട്ടു ശതമാനം മാത്രമാണ്. തെലുങ്കാനയിലാകട്ടെ നാണ്യവിളകൾക്ക് ഒരു പ്രാധാന്യവും ഇല്ല. ഈ രണ്ടു സംസ്ഥാനങ്ങളിലേയും പ്രധാന നാണ്യവിളകൾ റബർ, നാളികേരം, കാപ്പി, ഏലം തുടങ്ങിയവ ആണ്. നാണ്യവിള കൃഷിയുടെ മേനോട്ടവും പരിപാലനവും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ബോർഡുകളുടെ അധീനതയിലാണ്. അതുകൊണ്ടു തന്നെ സംസ്ഥാന കൃഷി വകുപ്പു ജീവനക്കാർക്ക് നാണ്യവിള കൃഷിയിൽ യാതൊരു പങ്കും വഹിക്കേണ്ടതില്ല. അതേ സമയംതന്നെ കേരളത്തിലെ നെൽകൃഷിയുടെ അളവ് ഭൂവിസ്തൃതിയിലും ഉത്പാദനത്തിലും 25 വർഷമായി കുത്തനെ ഇടിഞ്ഞു വരികയാണ്. എന്നാൽ നാണ്യവിള കൃഷിയിൽ കഴിഞ്ഞ പത്തു വർഷമായി സ്ഥായിയായി നിൽക്കുകയാണ്.

ഈ മൂന്നു സംസ്ഥാനങ്ങളിലേയും കൃഷിവകുപ്പിന്റെ കാര്യക്ഷമതയും സേവന പരിധിയും ഒന്ന് താരതമ്യം ചെയ്ത് നോക്കാം. കേരളത്തെ അപേക്ഷിച്ച് തെലുങ്കാനയിൽ നാല് മടങ്ങും കർണാടകയിൽ പത്ത് മടങ്ങും കൂടുതലാണ് കൃഷി ഭൂമിയുടെ അളവ്. മാത്രവുമല്ല അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ഒട്ടനവധി അധികാരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരളത്തിൽ കൈമാറിക്കഴിഞ്ഞു.

കേരളത്തിൽ ഒരു ജീവനക്കാരൻ 141 ഹെക്ടറിലെ കൃഷിക്ക് സേവനം നൽകുമ്പോൾ തെലുങ്കാനയിൽ ഒരു ജീവനക്കാരൻ 778 ഹെക്ടറിലും കർണാടകയിൽ 1425 ഹെക്ടറിലും കൃഷിക്കും സേവനം നൽകി വരുന്നു. അതുപോലെ തന്നെ മൃഗസംരക്ഷണ വകുപ്പിന്റെ സേവനവും. 2019ലെ മൃഗസംരക്ഷണ വകുപ്പിന്റെ കണക്ക് അനുസരിച്ച് കേരളത്തെ അപേകഷിച്ച് മറ്റ് രണ്ട് സംസ്ഥാനങ്ങളിലും പത്ത് മടങ്ങ് കന്നുകാലികൾ കൂടുതലുണ്ട്. എന്നാൽ ഈ വകുപ്പിലെ ജീവനക്കാരുടെ എണ്ണം തെലുങ്കാനയെ അപേക്ഷിച്ച് ഏതാണ്ട് രണ്ടായിരം കൂടുതലും കർണാടകയെ അപേക്ഷിച്ച് ആയിരം മാത്രം കുറവുമാണ്. കേരളത്തിൽ ഒരു ജീവനക്കാരൻ ശരാശരി 357 മൃഗങ്ങൾക്ക് സേവനം നൽകിവരുമ്പോൾ കർണാടകയിൽ ഒരു ജീവനക്കാരൻ 2800-ൽപ്പരം മൃഗങ്ങൾക്കും തെലുങ്കാനയിൽ 5300-ൽപ്പരം മൃഗങ്ങൾക്കും സേവനം നൽകി വരുന്നു.

കൃഷിവകുപ്പിലെ ഓഫീസേഴ്സ് തസ്തിക വിശകലനം ചെയ്യുമ്പോൾ കർണാടകയിൽ ആകെ ജീവനക്കാരുടെ 52 ശതമാനവും കേരളത്തിൽ 59 ശതമാനവും തെലുങ്കാനയിൽ 63 ശതമാനവും ഈ വിഭാഗത്തിൽ പെടുന്നു എന്നു കാണാം. കേരളത്തിലെ കൃഷി ഭൂമിയുടെ വിസ്തൃതി നോക്കുമ്പോൾ ഇത് വളരെയധികം കൂടുതൽ ആണെന്ന് കാണാവുന്നതാണ്. കേരളത്തിൽ ഒരു കൃഷിവകുപ്പ് ഡയറക്ടർ 3017 ഹെക്ടർ സ്ഥലത്ത് സേവനം നൽകി വരുമ്പോൾ കർണാടകയിലും തെലുങ്കാനയിലും ഇത് 16930 ഹെക്ടറാണ്. ഒരു കൃഷി ഓഫീസർ ശരാശരി 261 ഹെക്ടർ സ്ഥലത്തിന് കേരളത്തിൽ സേവനം നടത്തുമ്പോൾ കർണ്ണാടകയിൽ ഇത് 3280

ഹെക്ടറും തെലുങ്കാനയിൽ 1328 ഹെക്ടറും ആണെന്ന് കാണാവുന്നതാണ്. എന്നുവച്ചാൽ കേരളത്തിൽ ഒരു ഗ്രാമപഞ്ചായത്തിന് ഒരു കൃഷി ഓഫീസർ എന്നതിനു പകരം ഒരു ബ്ലോക്കിന് ഒരു കൃഷി ഓഫീസർ മതിയെന്നു സാരം. അതുപോലെ തന്നെയാണ് കൃഷി വകുപ്പിലെ ക്ലറിക്കൽ തസ്തികയിലേയും ഡ്രൈവർ തസ്തികയി ലേയും ഭാരിച്ച നിയമനം. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫൈനാൻസ് ആന്റ് ടാക്സേഷൻ സ്റ്റഡീസ് മുൻ ഡയറ ക്ടർ പ്രഫ.ഡി.നാരായണ ഒരു ലേഖനത്തിൽ ഇതേക്കു റിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

ഏറ്റവും ചെറിയ സംസ്ഥാനമായ കേരളത്തിൽ സർക്കാർ ജീവനക്കാരുടെ എണ്ണം കർണ്ണാടകയെ അപേ ക്ഷിച്ച് രണ്ടു ശതമാനവും തെലുങ്കാനയെ അപേക്ഷിച്ച് 19 ശതമാനവും കൂടുതലാണ്. ഒരു ലക്ഷം ജനസംഖ്യ അടിസ്ഥാനപ്പെടുത്തി ജീവനക്കാരുടെ എണ്ണം കണക്കാ ക്കിയാൽ കർണാടകയെ അപേക്ഷിച്ച് 86 ശതമാനവും തെലുങ്കാനയെ അപേക്ഷിച്ച് 25 ശതമാനവും ജീവനക്കാർ കേരളത്തിൽ കൂടുതലാണ്.

ഉദാഹരണത്തിന് അധികാര വികേന്ദ്രീകരണ ത്തിന്റെ ഭാഗമായി ഗ്രാമീണ റോഡുകൾ മുഴുവനായും നിലവിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്ര ണത്തിലാണ് നിർമ്മാണവും പരിപാലനവും നടന്നു വരു ന്നത്. എന്നിരുന്നാലും കേരളത്തിലെ പൊതുമരാമത്ത് വകുപ്പിൽ കർണാടകയെ അപേക്ഷിച്ച് ഏതാണ്ട് ആയിരം ജീവനക്കാർ കൂടുതലാണുള്ളത്. തെലുങ്കാനയെ അപേ ക്ഷിച്ച് മൂന്നിരട്ടിയും ആണ് കൂടുതലുള്ളത്. വനം വി സ്തൃതിയിലാകട്ടെ കർണാടകയിൽ മൂന്നിരട്ടിയും തെലു

ങ്കാനയിൽ രണ്ടര ഇരട്ടിയും കേരളത്തെ അപേക്ഷിച്ചു കൂടുതലാണ്. എന്നാൽ ഈ വകുപ്പിലെ ജീവനക്കാരുടെ എണ്ണം ഏതാണ്ട് തെലുങ്കാന വനംവകുപ്പിൽ തുല്ല്യവും കർണ്ണാടകയെ അപേക്ഷിച്ച് എഴുപത്തിയേഴു ശതമാനം കൂടുതലുമാണ്. ഭക്ഷ്യവിതരണ വകുപ്പിലാകട്ടെ കർണ്ണാടകയിലും തെലുങ്കാനയിലും കേരളത്തെ അപേക്ഷിച്ച് ഏതാണ്ട് നേരെ പകുതി ജീവനക്കാർ മാത്രമാണുള്ളത്.

വിസ്തൃതിയിലും ജനസംഖ്യയിലും കേരളത്തെ അപേക്ഷിച്ച് വളരെയധികം വലിപ്പം കൂടുതലുള്ള കർണാടകയ്ക്ക് കേരളത്തിന്റെ ഏതാണ്ട് പകുതി ജീവനക്കാരെ ഉപയോഗിച്ച് ഫലപ്രദമായി വകുപ്പ് നടത്തിക്കൊണ്ടു പോകാമെങ്കിൽ കേരളത്തിൽ എന്തിനാണ് ഇത്രയധികം ജീവനക്കാർ എന്ന ചോദ്യം യുക്തിസഹമാണ്.

മുകളിൽ വിശകലനം ചെയ്തിരിക്കുന്ന കണക്ക് പ്രകാരം കേരളത്തിലെ വിവിധ സർക്കാർ വകുപ്പുകളിൽ ആവശ്യത്തിലും വളരെയധികം ജീവനക്കാരെ വിന്യസിച്ചിട്ടുണ്ടെന്ന് ഉറപ്പായും വിലയിരുത്താം. ഈ സാഹചര്യത്തിൽ വ്യക്തമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ജീവനക്കാരുടെ എണ്ണം ഓരോ വകുപ്പിലും നിശ്ചയിച്ചു നടപടി എടുക്കുന്നതു സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്കും വകുപ്പുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉചിതമായിരിക്കും.

# കേരള സാമ്പത്തീക പ്രതിസന്ധി

എസ്.കാച്ചപ്പിള്ളി



വിതരണം: സംസ്ക്കാര, കൊച്ചി-682 509.
9446459784